

TECH SPOT
Chembilode hss
Litltle kites 2023-24

# *TECH SPOT*

**Chembilode Higher Secondary school**
**Little Kites 2023-24**
**Thalavil**
**Kannur North**

| | | |
|---|---|---|
| Chief Editor | : | Ramisha Kyppacheri |
| Student Editors | : | Minhara.P V<br>Nihal krishna<br>Sridha Samju<br>Ziyan V K V<br>Nafiya |
| Cover Designing | : | Muhammed Najoom |
| Drawing | : | Vishal P |
| Layout work | : | Leeshma O |



**“ All of us do not have equal talent. But, all of us have an equal opportunity to develop our talents. ”**

**Dr. A P J . Abdul Kalam**

# MESSAGE



I am glad to know that Chembilode HSS, Thalavil, is bringing out their Little Kites Magazine for the academic year 2023-24 .On this occasion, I extend my greetings to all those associated with the Magazine and wish them all success in their endeavour to expand the academic activities of Chembilode HSS. Let this be helpful for the students to explore their creative and artistic talents and also contribute to the perfection of creative work of students.

With regards

Manager

Valsan Madathil

# MESSAGE



**I am very happy to know that Chembilode HSS, Little Kites Unit for the academic year 2023-24 is piblishing a Magazine.**

**I hope the magazine will bring out the creative talents of students and teachers of the institution. I wish all success for the endeavour.**

**Principal**

**Reena Kumai**

# MESSAGE



Digital media plays an important role in receiving, producing, sharing and broadcasting informations. There is no doubt that digital publications have always being a great option that provide a wide new world for Magazine design.

I have great pleasure to know that the students of Little kites bring out a Digital Magazine on "TECH SPOT" for the year2023-24. I congratulate all the contributions of the Editorial Board for the sincere effort in making the Magazine. I wish all success.

**Headmaster**

**K.Prakashan**

# MESSAGE



Congratulations to the Little Kites who rendered valuable suggestion and precious time for publishing the digital magazine "TECH SPOT"

**Managing co-ordinator**

**Rasheeda C P**

# MESSAGE



**It is a proud achievement that Chembilode HSS has been able to become one of the best school in the district by progressing without comparison in the field of studies and in the field of arts , sports , social life and charitable swrvices ,**

**Likkle Kites has come forward with all the support and best wishes to PTA for the commendable work**

**PTA President**

**Ashraf A V**

# താളുകൾ മറിയുമ്പോൾ...........

- ലഹരി ഒരു സാമൂഹ്യ പ്രശ്നമായി മാറുമ്പോൾ
- നാടിന്റെ ഓർമകൾ
- SCRIPTED INK TRAILS
- വിണ്ടുമൊരു മഴയ്ക്കായ്
- Our Best Twilight
- വിനുവിന്റെ സ്വപ്നം
- നവമാധ്യമങ്ങളുടെ ഉപയോഗം
- കലാവിദ്യാഭ്യാസം കുട്ടികളിൽ
- വർധിച്ചു വരുന്ന റോഡപടങ്ങൾ
- MY SCHOOL MY PRIDE
- वायना का दुनिया

- യാത്ര
- മദ്യവും മയക്കമരുന്നും യുവതലമുറയിൽ
- സാമൂഹ്യ മാധ്യമവും യുവതലമുറയും
- A THOUSAND SPLENDID SUNS (Book Rivew )
- ഓരോ ജന്മങ്ങൾ
- ഫെബ്രുവരി-11 പ്രത്യേകത
- क क्षण की स्मृति
- A JOYFUL JOURNEY IN NCC : UNITY AND DISCIPLINE
- जीत
- അറബി ഭാഷയുടെ പ്രാധാന്യവും
- അനുഭവക്കുറിപ്പ്

# ലഹരി ഒരു സാമൂഹ്യ പ്രശ്നമായി മാറുമ്പോൾ



Prakasan K
HM, Chembilode HSS

പ്രബുദ്ധതയുടെ സാമൂഹ്യ നവോത്ഥാനത്തിന്റെ വിദ്യാഭ്യാസ മുന്നേറ്റത്തിന്റെ ആരോഗ്യ മാതൃകയുടെ,സാക്ഷരതയുടെ, ശുചിത്വത്തിന്റെ ഒക്കെ നാട് ഏത് എന്ന് ചോദിച്ചാൽ മലയാളികൾ മാത്രമല്ല ഏതൊരാൾക്കും അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുന്ന പേര് ഈ കൊച്ച കേരളത്തിന്റേതാണ്. മാനവ വികസന സൂചികയിലും സാമൂഹിക സുസ്ഥിതിയിലും മുന്നിട്ട് നിൽക്കുന്ന ഈ നാട് ഇന്നലെകളിൽ കൈവരിച്ച നേട്ടങ്ങൾ നിഷ്പ്രഭമാക്കികൊണ്ട് ലഹരിയുടെ കരാളഹസ്തങ്ങൾ നമ്മുടെ സാമൂഹിക സുസ്ഥിതിയേയും,സാമ്പത്തീക ഭദ്രതയേയും, പൊതുജന ആരോഗ്യത്തെയും തകർക്കുന്ന രീതിയിൽ വെല്ലുവിളി ഉയർത്തികൊണ്ട് സമൂഹത്തെ കാർന്നു തിന്നുകയാണ്.

മലയാളിയുടെ ലഹരി വിഭവങ്ങളിൽ പ്രധാനപ്പെട്ടത് മദ്യം തന്നെയാണ് എന്നത് നിസ്തർക്കമാണ് മദ്യത്തിന്റെ ദുരന്തവശങ്ങളെക്കുറിച്ച് ബോധവാന്മാരാണെങ്കിലും ലക്ഷകണക്കിന് കെയ്സ് മദ്യമാണ് നമ്മൾ പ്രതിവർഷം കുടിച്ച തീർക്കുന്നത്. ഇന്ത്യയിലെ ആളോഹരി മദ്യ ഉപയോഗം 3.8 ലിറ്റർ ആണെന്നിരിക്കെ കേരളത്തിലേക്ക് ഇത് 8.7 ലിറ്റർ, എന്നത് രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കിലാണ് നിൽക്കുന്നത്. ഇന്ത്യയിലെ ആകെ ജനസംഖ്യയുടെ മൂന്ന്

ശതമാനത്തിൽ താഴെ നിൽക്കുന്ന നമ്മൾ തന്നെയാണ് ഇന്ത്യയിൽ ആകെ ഉൽപ്പാദിപ്പിക്കുന്ന വിദേശമദ്യത്തിന്റെ 4% ഉപഭോഗം ചെയ്യുന്നത് എന്നതും വസ്തുതയാണ് മദ്യപിക്കുന്ന പുരുഷന്മാരുടെ എണ്ണത്തിലും നാം തന്നെയാണ് മുന്നിൽ. കഴിഞ്ഞ ഒരു പത്തു വർഷത്തിനുള്ളിലാണ് മദ്യത്തിന്റെ ഉപയോഗം ഇത്രയേറെ വർദ്ധിച്ചത് എന്നത് ഏറെ ചിന്തനീയമാണ്.

ഒരു കാലത്ത് മദ്യവും പുകവലിയും ആയിരുന്നു ലഹരി വസ്തുക്കളായി ചിരപരിചിതം അന്ന് കഞ്ചാവ് കറുപ്പ് എന്നിവയുടെ പേരുകൾ പറഞ്ഞുകേട്ട അറിവ് മാത്രമെ നാട്ടിൻപുറങ്ങളിൽ കേട്ടിരുന്നതെങ്കിൽ, ഇന്ന് സമൂഹത്തിൽ ലഹരി ഉപയോഗിക്കുന്നവരുടെ പ്രിയപ്പെട്ട ന്യൂജൻ ഡ്രഗ്ഗുകളായ. ലക്ഷങ്ങൾ വിലമതിക്കുന്ന മെറ്റാഹിറ്റാമിൻ,ആൽഫെറ്റാമിൻ, കൊക്കൈൻ,എൻ. എസ് .ഡിഎ ,എം.ഡി.എം.എ,തുടങ്ങിയവഇതോടൊപ്പം,കൊക്കെയ്ൻ,ഫോസ്സേറ്റ്,ഡയസപാം,ബുപ്രനോർഫിൻ,പ്രോമെത്താസിൻ ലോസൈപാം മാക്സിഗോളിൻ നൈട്രസെപാം എന്നിങ്ങനെ പേരുപറയാൻ പോലും കഴിയാത്ത 100 കണക്കിന് സിന്തറ്റിക്ക് മയക്കു മരുന്നുകളാണ് വിവിധ രൂപത്തിലും ഭാവത്തിലും യുവ ജനതയുടെ മനസിലേക്കും അതിലൂടെ ജീവിതത്തിലേക്കും വിഷമയമായി നാട്ടിൻപുറങ്ങളിൽ പോലും പെയ്തിറങ്ങുന്നത്.

കഴിഞ്ഞ മൂന്നു വർഷത്തിനിടെ 1,64,698 കേസുകളിലായി 1150 കോടി രൂപയുടെ ലഹരി ഉൽപ്പന്നങ്ങൾ പിടികൂടി എന്നു പറയുമ്പോൾ നാം ഓർക്കേണ്ടത് യഥാർത്ഥത്തിൽ നാട്ടിൽ വിറ്റഴിക്കുന്ന മയക്കു മരുന്നിന്റെ ചെറിയ ശതമാനം പോലും പിടിച്ചെടുക്കപ്പെടില്ലെന്ന യാഥാർത്ഥ്യം നമ്മെനോക്കി കൊഞ്ഞനം കുത്തുന്നത് കൂടി നാം ഇവിടെ കാണണം. പഴയകാലത്ത് ലഹരി ഉപയോക്താക്കൾ സിഗരറ്റ് ,ബീഡി,

മുറുക്കാൻ, ഹാൻസ്, മധ്യം, എന്നിങ്ങനെ പുകയില അടങ്ങിയ ലഹരി വസ്തുക്കളാണ് പ്രധാനമായും ഉപയോഗിച്ചിരുന്നത്. അത് തന്നെ ഒരു നിശ്ചിത പ്രായപരിധിക്ക് പുറത്തുള്ളവരാണ് ഉപയോഗിച്ചു വരുന്നത്, ഇവ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ടെങ്കിലും, യുവതലമുറ ഇന്ന് ഉപയോഗിച്ച് വരുന്ന ന്യൂജൻ ലഹരി വസ്തുക്കൾ തലച്ചോറിനെ, നാഡീവ്യൂഹത്തെ ഹൃദയത്തെ വൈകാരിക തലങ്ങളെ ഭയാനകമായി ബാധിക്കുന്ന രാസവസ്തുകളടങ്ങിയ മാരക രാസലഹരികളാണെന്നത് കാര്യങ്ങളുടെ ഗൗരവം ഉന്നുകൂടി വർദ്ധിപ്പിക്കുന്നു.

ഒരാളെ മദ്യത്തിലേക്കും ലഹരിയിലേക്കും നയിക്കുന്ന ഘടകങ്ങൾ പരിശോധിക്കുമ്പോൾ പല കാരണങ്ങളുണ്ടെന്ന് പറയാം സുഹൃത്തുക്കൾ ,സഹപാഠികൾ നൽകുന്ന പ്രലോഭനം തെറ്റിധാരണയുടെയും പുറത്തുള്ള കൗതുകം,മറ്റുള്ളവരുടെ അംഗീകാരം പിടിച്ച് പറ്റാനും ഹീറോ പരിവേഷം കിട്ടാനുമുള്ള വഴി മറ്റുള്ളവരെ അനുകരിക്കാനുള്ള വാസന പ്രിയപ്പെട്ടവരിൽ നിന്ന് നേരിടുന്ന അവഗണന നിരാശ സിനിമ,സീരിയൽ ഇടങ്ങിയ ബഹുജനമാധ്യമങ്ങളിൽ നിന്നുള്ള സ്വാധീനം അറിവില്ലായ്മ എന്നിവയൊക്കെ ഇതിൽ ചിലതാണെന്ന് കാണാം.

ആഘോഷങ്ങളും ഉത്സവങ്ങളും ചടങ്ങുകളും നടക്കുമ്പോൾ അത്യാവശ്യം ലഹരി വസ്തുക്കൾ പഴയ തലമുറ ഉപയോഗിച്ചിരുന്നുവെങ്കിലും ഇന്ന് ലഹരിക്ക് വേണ്ടി മാത്രമായി അവ സംഘടിപ്പിക്കുന്ന രീതിയിലേക്ക് മലയാളി മനസ്സ് മാറിയിരിക്കുന്നു എന്നതാണ് മറ്റൊരു വസ്തുത.ഒരു കാലത്ത് ചെറുപ്പകാർ ലഹരി ഉപയോഗിക്കുന്നത് മുതിർന്നവരുടെ കുടുംബാംഗങ്ങളുടെ അയൽവാസികളുടെ ശ്രദ്ധയിൽപെടാതെ മറഞ്ഞിരുന്നാണെങ്കിൽ ഇന്ന് സാമൂഹ്യ ബന്ധങ്ങളിലുണ്ടായ വിള്ളലുകൾ മൂല്യച്യുതി എന്നിവ ഇറന്ന

വേദിയിൽ വച്ചും ലഹരി പോലും ഉപയോഗിക്കാമെന്ന ചിന്തയിലേക്ക് യുവതലമുറയെ നയിക്കപ്പെട്ടിരിക്കുകയാണ്.

90 കളുടെ തുടക്കത്തോടെയാണ് യുവ തലമുറ ലഹരി ഉപയോഗരംഗത്തേക്ക് വലിയ തോതിൽ കടന്നു വരുന്ന സാഹചര്യമുണ്ടാക്കിയതെങ്കിൽ ഇന്ന് ലഹരി വസ്തുക്കളുടെ വേട്ടയിൽ കൂടുതലും പിടിക്കപ്പെടുന്നത് യുവാക്കളാണ്.ഡി.ജെ പാർട്ടികൾ നിശാ ഡാൻസുകൾ, അത്താഴപാർട്ടികൾ ക്ലബ് ആഘോഷങ്ങൾ, ഹൗസ് ബോട്ട് പരിപാടികൾ, വിവാഹ പാർട്ടികൾ മറ്റ് ആഘോഷങ്ങൾ ഒത്തുകൂടലുകൾ എന്നിവയ്ക്കായി മദ്യവും മയക്കുമരുന്നും എത്തിക്കുന്നവരാണ് ഇവരിൽ പലരും. ആവശ്യക്കാരിൽ ആൺ-പെൺ വ്യത്യാസം കുറഞ്ഞു വരുന്നതും ഗൗരവമായി നേരിടുന്ന എന്നതും അത്ഭുതപ്പെടുത്തുന്നതാണ്. കേരളീയ സമൂഹത്തിൽ യുവാക്കളുടെ ഇടയിലുള്ള മദ്യപാനം ലഹരി ഉപയോഗം എന്നിവ ഭാവിതലമുറയെ ആശങ്കയിലാഴ്ത്തിയിരിക്കുന്നു. എന്നത് ഭീതി ജനകമായ സത്യമാണ്. ഒരു നാടിന്റെ വളർച്ചയ്ക്കും വികസനത്തിനും ഏറ്റവും പ്രധാന പങ്കുവഹിക്കേണ്ട രാജ്യത്തിന്റെ സമ്പത്തായ ഒരു തലമുറ ലഹരി ഉപയോഗത്താൽ നശിക്കുന്നത് സ്വന്തം കുടുംബത്തിനും സമൂഹത്തിനും രാജ്യത്തിനുണ്ടാകുന്ന തീരാനഷ്ടം പരിഹരിക്കാൻ എന്താണ് മാർഗ്ഗം അത് കണ്ടെത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയുമാണ്.

യുവാക്കളിൽ നിന്നും ലഹരിയുടെ ബാറ്റൺ കൗമാര മനസ്സുകൾ ഏറ്റെടുക്കുന്ന ദുരന്തമാണ് നാം നേരിടുന്ന ഏറ്റവും പുതിയ വെല്ലുവിളി.പുകയില അടങ്ങിയ ലഹരി വസ്തുക്കൾ ലഭ്യമാക്കി അതിലൂടെ മറ്റ് മാരകമയക്കു മരുന്നുകളുടെ വാഹകരായും ഉപയോക്താക്കളായും നമ്മുടെ വിദ്യാർത്ഥികൾ മാറികൊണ്ടിരിക്കുന്നു. അത് തിരിച്ചറിയാൻ

കഴിയുന്നില്ലെങ്കിൽ അത് ഒരു തലമുറയോട് ചെയ്യുന്ന കടുത്ത അനീതിയും അപരാധവുമായിരിക്കുമെന്ന് പറയാതെ വയ്യ. സർക്കാർ സംവിധാനങ്ങളെയും അന്വേഷണങ്ങളെയും വഴിതെറ്റിക്കാൻ ഏറ്റവും പറ്റിയവർ വിദ്യാർത്ഥികളാണെന്ന തിരിച്ചറിവും ചെറിയ സാമ്പത്തിക നേട്ടത്തിൽ പോലും അവരിൽ ഉണ്ടാകുന്ന ആഹ്ലാദവും. ആഡംബരഭ്രമം ,പരസ്യങ്ങൾ ,സിനിമകൾ എന്നിവയിലൂടെ ലഭിക്കുന്ന അനുഭൂതി നൽകുന്ന അനുഭവങ്ങളുടെ ദൃശ്യാനുഭവവും ലഹരി വിദ്യാർത്ഥികളിലേക്ക് വ്യാപിപ്പിക്കുന്നതിൽ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ലഹരിയെ ആഘോഷമാക്കുന്ന രംഗങ്ങൾ ഏത് കൗമാരക്കാരെയാണ് ആകർഷിക്കാതിരിക്കുക. അതോടൊപ്പം കിട്ടുമെന്ന കേട്ട ഉന്മാദാവസ്ഥ അനുഭവിക്കാനുള്ള മോഹം രക്ഷിതാക്കളിൽ നിന്നും വേണ്ടത്ര പരിഗണന കിട്ടാത്തത്, സുഹൃത്തുക്കളുടെ പ്രേരണ, വിഷാദം മാറ്റാൻ പഠനസമ്മർദ്ദം, വീട്ടിലെ പ്രശ്നങ്ങൾ മറക്കാൻ, ഇതൊക്കെ കുട്ടികളെ ലഹരിയുടെ മായാലോകത്തെത്തിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്.

ഇന്ത്യയിൽ 13 ശതമാനത്തോളം കുട്ടികൾ 20 വയസ്സിന് മുൻപേ ലഹരി ഉപയോഗിച്ച് വരുന്നു. എന്ന കണക്കും പുകയില വസ്തുക്കൾ 12.3 വയസ്സിലും കുട്ടികൾ ഉപയോഗിക്കുന്നു എന്ന കണക്കുകളും ഇതോടൊപ്പം ചേർത്തു വായിക്കണം. ലഹരിക്കടിമപ്പെട്ട കുട്ടികൾ അവ ഏറ്റവും കൂടുതൽ ഷെയർചെയ്ത് ഉപയോഗിക്കുന്നത് സുഹൃത്തുക്കൾക്കൊപ്പമാണ് എന്നതും

ഇത്തരുണത്തിൽ ഓർക്കുന്നത് നല്ലതായിരിക്കും, മാറിയ ഈ സാഹചര്യത്തിൽ ലഹരി വിപത്തിനെതിരെയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കേണ്ടത് വിദ്യാലയങ്ങളിൽ നിന്നായിരിക്കണം എന്നത്

സുവ്യക്തമാണ്.നിരന്തരമായ ഇടപ്പെടലിലൂടെ നമുക്ക് ലഹരി ഉപയോഗത്തിന് അടിമപ്പെട്ട കുട്ടികളെ കണ്ടെത്താൻ വളരെ വേഗം തിരിച്ചറിയാനും സാധിക്കും കാരണങ്ങളില്ലാതെ പഠനത്തിൽ പിന്നോട്ട് പോവുക. രഹസ്യങ്ങൾ ഒളിപ്പിക്കാൻ ശ്രമിക്കുക, മുറിയിൽ അസാധാരണ ഗന്ധം അനുഭവപ്പെടുക, കൂടുതൽ സമയം മുറിക്കകത്ത് അടച്ചിട്ടിരിക്കുക, ആഘോഷങ്ങളിൽ നിന്നു ചടങ്ങുകളിൽ നിന്നും മാറി നിൽക്കാൻ ശ്രമിക്കുക,അമിതമായി പോക്കറ്റ് മണി ആവശ്യപ്പെടുക, ഡിപ്രഷൻ, സംസാരകുറവ്,ശരീരത്തിൽ അസാധാരണ പാടുകൾ കാണുക ഇവയൊക്കെ ലഹരി ഉപയോഗത്തിന്റെ ലക്ഷണങ്ങളാകാം. ഇവ കണ്ടെത്തുന്നതിൽ രക്ഷിതാക്കൾ മറ്റ് ബന്ധുക്കൾ അദ്ധ്യാപകർ, സഹപാഠികൾ എന്നിവരുടെ ഇടപ്പെടൽ നിർണ്ണായകമാകും. സ്കൂളുകളിൽ പ്രവർത്തിക്കുന്ന വിവിധ സന്നദ്ധ സംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിക്കപ്പെടേണ്ടതും അനിവാര്യമാണെന്ന് പറയേണ്ടതില്ലല്ലോ? മറ്റ് പ്രവർത്തനങ്ങൾക്കപ്പുറം ലഹരിക്കെതിരായ പോരാട്ടത്തിനായിരിക്കണം NCC, SPC, LITTLE KITES, JRC, NSS SCOUT,GUIDES തുടങ്ങിയ സംഘടനകൾ ലക്ഷ്യം വെക്കേണ്ടത്, ഇത്തരം സംഘടനകളിലെ കുട്ടികൾക്ക് വ്യക്തമായ അവബോധവും ധാരണയും ഈ കാര്യത്തിൽ വളർത്തിയെടുക്കേണ്ടത് അത്യാവശ്യമാണ്. അത് ലഹരി വിതരണത്തിന്റെ സ്രോതസ്സുകൾ അതിലെ കണ്ണികൾ ഉപയോക്താക്കൾ എന്നിവയെക്കുറിച്ച് വ്യക്തത ലഭിക്കാൻ സഹായിക്കും എന്ന് മാത്രമല്ല മറ്റേത് അന്വേഷണത്തേക്കാളും ഫലപ്രദമാകും എന്നതിൽ സംശയമില്ല. അതോടൊപ്പം സർക്കാർ തലത്തിൽ ലഹരിക്കെതിരായി നടക്കുന്ന വിവിധ പ്രവർത്തനങ്ങളായ ഉണർവ്വ്, വിമുക്തി,നേർക്കൂട്ടം എന്നിവ


ഫലപ്രദമായി സംഘടിപ്പിക്കപ്പെടുന്നുണ്ടോ എന്നത് വ്യക്തമായി വിലയിരുത്തപ്പെടുകയും വേണം വിദ്യാലയ സംഘടനകളുടെയും സർക്കാർ പദ്ധതികളും കടലാസിൽ ഒതുങ്ങാതെ പ്രവർത്തിക്കുകയും അതോടൊപ്പം അദ്ധ്യാപകർ വിദ്യാലയ ജാഗ്രത സമിതികൾ PTA, എന്നിവരുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം കൂടി ഉണ്ടായാൽ കാര്യങ്ങൾ ഒരു പരിധിവരെ നിയന്ത്രണത്തിലാകും. ഇതൊക്കെ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്നത് ഉറപ്പുവരുത്താൻ വിദ്യാഭ്യാസ ആഭ്യന്തര എക്സൈസ് ആരോഗ്യ തദ്ദേശ വകുപ്പുകളുടെ പ്രവർത്തനങ്ങൾ കൂടി സർക്കാർ തലത്തിൽ ഏകോപിപ്പിക്കപ്പെടണം. ഇത് ഒരു സമൂഹത്തിന്റെയോ രാഷ്ട്രത്തിന്റെയോ അതിനപ്പുറം മാനവ സമൂഹത്തിന്റെയും അതിജീവനത്തിനായുള്ള പോരാട്ടം കൂടിയാണെന്ന് തിരിച്ചറിയാൻ നമുക്കോരോരുത്തർക്കും കഴിയണം.........

# നാടിന്റെ ഓർമകൾ



Harinandha K , IX G

ജനിച്ചു വളർന്നൊരാ ദേശം
**അ**താകുന്നു നമ്മുടെ നാട്
കുറുമ്പും കുസൃതിയും കളിചിരിയും
കൂട്ടുകാരോടൊത്ത് വളർന്ന നാട്
കുട്ടിക്കാലത്തിന്റെ ഓർമകൾ ഉണരുന്ന
പൊന്നിൻ സുദിനമാം എന്റെ നാട്
പൂക്കളും പുൽകളും പുഴകളും തീരവും
എല്ലാം നിറഞ്ഞൊരാ നല്ല നാട്
ഇന്നതോർമകൾ മാത്രമായ് തീർന്നുവല്ലോ......



പുഴയില്ല വയലില്ല കാടില്ല മേടില്ല
എല്ലാം ഓർമകൾ മാത്രമായ് തീർന്നു.......
മനുഷ്യരാം നമ്മൾക്ക് ക്രൂരത ചെയ്യുവാൻ
മാത്രമീ നാടിന്റെ ഭംഗി...
കൊല്ലാതെ കൊല്ലുന്നു നാമിന്നു ഭൂമിയെ
മൃഗത്തെക്കാൾ നീചമായ് എല്ലാം...
പുഴകൾ നികത്തി മരങ്ങൾ മുറിച്ചു
വയലുകൾ മാളുകളായ് മാറ്റി നാം....
എന്നിട്ടും മതിയില്ല മനുഷ്യരാം നമ്മൾക്ക്
സ്വാർത്ഥത ഒന്നു
മാത്രം മനസ്സിൽ



നാടിന്റെ നന്മയും ഭംഗിയും മറന്നു നാം...
അന്യദേശത്തേക്കു യാത്രയായി...
വർണപ്പകിട്ടിന്റെ ലോകത്തുനാമിന്ന്
ജീവിതമെന്തെന്നറിയാതെപോയ്
എങ്കിലും എവിടെയോ സ്നേഹത്തിൻ താഴുകൾ
അടയാതെ മറയാതെ ഇരുന്നിരിപ്പുണ്ടാവും
നാടിന്റ നന്മയും വീടിന്റെ സ്നേഹവും
പകരമാവില്ല മറ്റെല്ലാത്തിനും......
ജീവിത വഴിയുടെ അർത്ഥം ഗ്രഹിച്ചുനാം
മുന്നേറി ഉയരുക എപ്പോഴുമെപ്പോഴും.....

# SCRIPTED INK TRAILS



**Aiswarya Raj (IX A)**

Growing up Ella knew one thing for sure, she was going to be a doctor, she was a 19 year old straight A's student, always caring and stressing about her grades in her life, always studying for hours so she could finally be full prepared for her exam. People around her were super supportive about her career ambition. Her family were happy as long as that career could make her financially stable, Not even her friends stopped her because her career wasn't an easy choice neither, It took great courage and strength to be in that field. "what is your ambition?" The teacher asked, "A Doctor ", Ella said excitedly. Not knowing the stress and hard work to be a doctor and even now, knowing it all she still chooses it, when asked. She seemed to be certain that she was on the right path. Despite her determination, she found it hard to go through the processes, sometimes wondering if she even likes being a doctor, but she always ended up blaming it on herself, perhaps being afraid that her parents might not like that their daughter switches between her life ambition. She tried her best on the exams but learned that the passion for her career wasn't enough. She started waking up before 4:00am and studied till she couldn't write anymore, Her health was at risk but "at least I won the exam!" was all she had in her mind, even after visiting hospital twice for passing out for being too dehydrated

"our daughter has got into a very prestigious college" was all their parents cared to think about her life, never once asking whether she was okay during the process, Ella being a calm and smart person, she made friends with all the aspirants in the college,

one day, her college organised a program regarding the doctors day and on the very day. The well known doctor Dr. Kevin Abraham was invited to inaugurate it and when it was his turn to speak, He said "I always wanted to become a scientist, but growing up poor, I couldn't afford it. After high school, I had a feeling that maybe I should switch paths, for the better at least. He had a huge smile on his face, "I thought about it and it all, circled back to being a doctor-so I became one and that is all, I showed true passion in it and always did my best and I am very grateful to all that has been a reason for me to be here. Thank you for having me here." He ended his speech taking a last glimpse before leaving. A wave of noises came from the audience. And the program ended after an hour. But still Ella just couldn't stop thinking about it. She decided to take Dr. Kevin's advice and thought to herself "is this what I truly want? Should I just stay with this career because I've gotten this far? Would my parents be disappointed with me?"but at the end she knew that she was just deceiving herself. After lots of contemplation Ella made the decision to tell her parents about it. Unlike she thought, her parents didn't scold her and told her to just slow down and just breathe. She reflected on herself, After further thinking Ella came to the realisation that she had always had a true passion for literature and writing. She fondly remembered the memories of her youth, How she used to spend her time on library reading all day. Her only destination now was to pursue her dream of becoming a professor and sharing her passion for literature with other.

For years she trained herself to be more and more knowledgeable in English Literature, Visiting the libraries nearby and working on loads of writing project.8 Years in, she succeeded in following her passion and earning enough to make her financially stable. Being well-known in her field for being brilliant and a good thinker. She always got a pay raise. The first thing she did as she became a professor was repaying her parents for all the support and help. She liked how peaceful her life was, being a doctor could never be the same as this. She was everyone's favourite . She would bring a smile on faces that never smiled. Inspiring students throughout her life. She for the first time realised that "All is well if the the end is well"

## വിണ്ടുമൊരു മഴയ്ക്കായ് .....



Saptha M C , VIII G

അന്ധകാരം നിറഞ്ഞൊരാ സന്ധ്യ

ഇരുമയ്യയോമ്പഥിരം കുളിർ നിലാവിനോ

പ്രാർത്ഥനയോടെസഞാൻ ഒരുത്തുള്ളി മഴയ്യയ്

പഞ്ഞക്കെട്ടുതിയിലാം കർകൻ ഞൻ

ചെറുപുല്ലു മരവിച്ചു കിളികൾ ചിലച്ചില്ല

മുങ്ങരുരണ്ടില്ല ശാന്തമായ് പ്രകൃതി നിദ്രയിലോ

വരണ്ടുപുളഞ്ഞു വയലിൽ നോക്കി ഞാൻ

നനവില്ലാത്തൊരാപൊടി മണ്ണിലേക്ക്

കാലവർഷമാസം പകുതിയായെങ്കിലും

ഇടിയില്ല ,മഴയില്ല ,മിന്നലില്ല

ഇന്നി നിഷയിൽ മഴപെയ്യുവങ്കിൽ

ഈദരിദ്രനും സമ്പന്നനായിടില്ലേ

ഇളം കാറ്റിലൂടെ ദൈവം കഞ്ഞുവോ

ആകാശവീഥിയിൽ കാർമേഘഗർജനം

ഇടിവെട്ടി ധരണിക്കു വരദാനമേകി

മിന്നലായ് ഭൂമിയെ ശുദ്ധമാക്കി

ശുദ്ധജലത്താൽ കഴുകിയി ഭൂമിയെ

കാടിനെ മലകളെ ചെറുപുല്ലിനെ

പുഴകളിൽ സംഗീതമാരവമായ്

ചെറുമീനുകൾ മഴയിൽ കള്ളിയാടി

അളവുകോലടിവച്ചളന്നു മുറിച്ചപോൽ

മേഘം മഴയുമായ് യാത്രപോയി

എന്നുവരും നീ എന്തിനുപോയി നീ

എന്നൊരു സൂചന പോലുമില്ലാതെ

ആനിമിഷം മുതൽ കാത്തുനിൽക്കുന്നു ഞാൻ

വീണ്ടുമൊരു അന്ധകാരസന്ധ്യയ്ക്കു വേണ്ടി

ഭൂമി മൂകയാകുന്നൊരാ നിമിഷത്തിനായ്

പഞ്ഞക്കെടുതിയില്ലാം കർഷകൻ ഞാൻ

# Our Best Twilight



Madhumitha Ragesh
X.A

She know everything
Literally everything.
The only place we can
deposit our feelings,
Happiness, anger, sadness
and much more
I hope your happy
The best twilight!

You told me to embrace ourselves
cherishing my youth
Giving the best always
The best twilight!

Whatever happens
By our side
Left or right, heaven or hell
Nothing matter but me
The best well-wisher
The god who gave birth to you
Our mother
Our best twilight!



# വിനുവിന്റെ സ്വപ്നം



SREENAND.C.P
VIII G



**വി**നു എഴുന്നേൽക്ക് രാവിലെയായി സ്കൂളിൽ പോവേണ്ടേ അമ്മ വിളിച്ചു പറഞ്ഞു. മനസ്സില്ലാമനസ്സോടെ വിനു എഴുന്നേറ്റു.വിനു പുറത്തിറങ്ങിയപ്പോൾ ആകെ മുഴുവൻ വിഷപുക വിനു അമ്മയോട് പറഞ്ഞു. അതാ നോക്കിയെ മുഴുവൻ പുക അത് മഞ്ഞായിരിക്കും മോനേ എന്നും മറുപടിയും വന്നു. അമ്മ ഒന്നു സമയസൂചിയിലേക്ക് കണ്ണോടിച്ചു. അയ്യോ ദേവീ 8:00 മണി 9:00 മണിക്ക് ബസ് വരും വേഗം ഒരുങ്ങ് അവൻ പെട്ടെന്നൊരുങ്ങി വിനു തന്റെ വീടിന്റെ അടുത്തുള്ള തോട്ടിലേക്ക് നോക്കി അവന്റെ കണ്ണുകൾക്ക് അതു കാണാനുള്ള



ശക്തിയുണ്ടായിരുന്നില്ല. ഫാക്ടറിയിലെ മലിന ജലത്താൽ തോടു മുഴുവനും മലിനമായി. മീനുകൾ നല്ല വെള്ളം കിട്ടാതതിനാൽ പിടയുന്നു. അവൻ മനുഷ്യന്റെ കുറ്റങ്ങളെയോർത്ത് പശ്ചാതപിച്ച് നിന്നു പോയി. അപ്പോൾ അമ്മ വിളിച്ചു ചിന്തയിൽ നിന്ന് തെന്നിമാറി അവൻ

അമ്മയോട് പറഞ്ഞു. ഞാൻ നടന്നു പോയിക്കൊള്ളാം. അമ്മ അവൻ പറഞ്ഞതിനെ ശക്തമായി എതിർത്തു. എന്നാൽ അമ്മയുടെ നിർബന്ധത്തെ എതിർത്തുകൊണ്ട് ഓടാൻ തുടങ്ങി.പോകുന്ന വഴിയിൽ ഭൂമിയുടെ അവസ്ഥകണ്ട് അവന്റെ മനസ്സ് വിങ്ങിപ്പൊട്ടി എന്നാൽ അതു പുറത്തുകാണിക്കാത അവൻ നടന്നു നടന്നു നീങ്ങി കുറച്ചെത്തിയപ്പോൾ അവൻ ഒരു ശംഖ്പുഷ്പത്തെ കാണുന്നു. ആ ശംഖുപുഷ്പത്തിന്റെ അവസ്ഥ കണ്ട് വിനു അതിനെ എടുത്ത് മാറോടണച്ച് നടക്കാൻ തുടങ്ങി നടന്ന് നടന്ന് പോകുന്നതിനിടയ്ക്ക്

അവനെ ആരോ വിളിച്ചതു പോലെ തോന്നി.അവൻ ചുറ്റുപാടും നോക്കി അവസാനം സ്വന്തം കൈയ്യിൽ നോക്കിയപ്പോൾ ആ ശംഖുപുഷ്പം സംസാരിക്കുന്നു. അവൻ അമ്പരന്നു ഒന്നു പേടിച്ചു ശംഖുപുഷ്പം പറഞ്ഞു പേടിക്കേണ്ട ഞാനൊരു അത്ഭുത സിദ്ധിയുള്ള പൂവാണ്. കാരണം ഒരു മുനി നടക്കുന്നതിനിടെ എന്നെ ചവിട്ടി നിസ്സഹായനായ എനിക്ക് വരം തന്നു. ആരാണോ എന്നെ എടുക്കുന്നത് അവർക്ക് ഞാൻ ഒരു വരം നൽകുന്നതാണ് അതാണ് എന്റെ വരം നിന്റെ വരം എന്താണ് ഈ ഭൂമിയെയൊന്ന് വൃത്തിയാക്കിയെടുക്കാമോ? ക്ഷമിക്കണം ഭൂമിയെ വൃത്തിയാക്കിയെടുക്കേണ്ടത് നിങ്ങളാണ് മകന് വേറെ എന്തെങ്കിലും ആഗ്രഹം ഉണ്ടോ പറയാൻ ഉണ്ട് നീയാ പഴയ സ്ഥാനത്തു തന്നെ നിൽക്കട്ടെ കുട്ടിയുടെ മറുപടി കേട്ടതും ആ ശംഖു പുഷ്പം ഒരു പൂവായി സ്വന്തം ചെടിയിൽ തന്നെ നിന്നു. പൂവ് പറഞ്ഞു നീയൊരു നല്ല കുട്ടിയാണ് നിനക്ക് നല്ലതേ വരു എന്ന് അനുഗ്രഹിച്ചു. വിനു നടന്നു നടന്നു സ്കൂളിലേക്ക് പോയി.

# നവമാധ്യമങ്ങളുടെ

# ഉപയോഗം



MUHAMMAD NIHAL
X F

**മ**നുഷ്യൻ ഭാഷ ഉപയോഗിക്കാൻ തുടങ്ങിയ കാലം മുതൽ തന്നെ പലതരം മാധ്യമങ്ങളും ഉപയോഗിക്കാൻ ആരംഭിച്ചു. ഗുഹാചിത്രങ്ങളിലാരംഭിച്ച മനുഷ്യന്റെ രചനകൾ പിന്നീട് പലതരം മാധ്യമങ്ങളായി പരിണമിച്ചു.പത്രങ്ങളും റേഡിയോകളും ആയിരുന്നു പ്രാചീനകാലം മുതൽ തന്നെ മനുഷ്യർ ഉപയോഗിച്ച മാധ്യമങ്ങൾ. എന്നാൽ പിന്നീട് ടെലിവിഷനിലൂടെയും മൊബൈലിലൂടെയും മനുഷ്യർ വാർത്തകൾ കൈമാറാൻ തുടങ്ങി. പിന്നീട് മാധ്യമങ്ങളുടെ തലവനായി സോഷ്യൽ മീഡിയയും എത്തി.

ബ്രിട്ടീഷുകാരുടെ കാലത്ത് അവരുടെ ചൂഷണത്തെ വ്യക്തമാക്കാൻ വേണ്ടിയായിരുന്നു പത്രങ്ങൾ ഉപയോഗിച്ചിരുന്നത്. എന്നാൽ പിന്നീട് മാധ്യമങ്ങൾ അവയുടെ ധർമ്മത്തിൽ നിന്ന് പതിയെ **വ്യതി**ചലിക്കാൻ തുടങ്ങി. ഇന്ന് എല്ലാ വാർത്തകളും മൊബൈൽ ഫോൺ എന്ന ഒരു സംവിധാനത്തിന്റെ കീഴിൽ ഒതുങ്ങി നിൽക്കുന്നു. ഒരു നാണയത്തിനു ഇരു വശങ്ങളുള്ളതുപോലെ തന്നെ നവമാധ്യമമായ

മൊബൈൽ ഫോണിനും ഇരുവശങ്ങളുണ്ട് എന്ന യാഥാർഥ്യം പുതുതലമുറ മറന്നുപോകുന്നു.

2018 എന്ന വർഷം നവമാധ്യമങ്ങളെ സംബന്ധിച്ചെടുത്തോളം മറക്കാൻ പറ്റാത്ത ഒരു വർഷം തന്നെയാണ്. പ്രളയമെന്ന മഹാവിപത്ത് കേരളം മുഴുവൻ അടക്കി വാഴാൻ ശ്രമിച്ചപ്പോഴും അതിനു വിട്ടുകൊടുക്കാതെ ഓരോ വ്യക്തികളും ദുരന്തബാധിതസ്ഥലങ്ങളുടെ വിവരങ്ങൾ ലോകം മുഴുവൻ അറിയിച്ചത് നവ മാധ്യമങ്ങൾ തന്നെയാണ്. നവമാധ്യമങ്ങൾ അതിന്റെ ധർമ്മത്തിൽ നിന്ന് വ്യതി ചലിക്കാതെ ഒറ്റകെട്ടായി നിന്ന ഒരു വർഷം എന്ന പദവി 2018 ന് ഏറ്റവും ഉചിതം തന്നെയാണ്. നവമാധ്യമങ്ങളുടെ സഹായമില്ലായിരുന്നുവെങ്കിൽ പ്രളയകാലത്തെ രക്ഷാപ്രവർത്തനങ്ങൾ ഇത്രയും ഇത്രയും വിജയകരമായി അവസാനിക്കുകയില്ല. ഓരോ നവമാധ്യമങ്ങൾ ഉപയോഗിക്കുന്നവരുടെ വിജയമായി ഇത് നമുക്ക് ചരിത്രങ്ങളിൽ രേഖപ്പെടുത്താം.ഇത്രയേറെ നന്മകൾ നിറഞ്ഞതാണ് നവമാധ്യമങ്ങളെങ്കിലും അതിലേറെ ദോഷവശങ്ങൾ ഉള്ള ഒന്നു തന്നെയാണ് ഇത്.

ഇന്ന് പലതരം വ്യാജ വീഡിയോകളും വാർത്തകളും സോഷ്യൽ മീഡിയയിലൂടെ പ്രചരിക്കപ്പെടുന്നത്. സൈബർ നിയമങ്ങൾ പ്രകാരം വളരെ വലിയ ശിക്ഷകൾ ഇത്തരം കുറ്റകൃത്യങ്ങൾക്ക് ലഭിക്കും എന്ന കാര്യം ആധുനിക സമൂഹം മറന്നു. ഭീതിയിലാക്കിയ ഒരു പകർച്ച വ്യാധിയാണ് കൊറോണ എന്നത്. 2018 ൽ സോഷ്യൽ മീഡിയായിക്കുണ്ടായ അതേ പ്രാധാന്യം തന്നെ കൊറോണ കാലത്തും ഉണ്ടായിരുന്നു. ഓരോ ദിവസവും കൊറോണ ബാധിക്കുന്ന വരുടെ എണ്ണം,മരിക്കുന്നവരുടെ എണ്ണവും എല്ലാം ലോകം

മുഴവൻ അറിയിക്കാൻ സാധിച്ചത് സോഷ്യൽ മീഡിയയിലൂടെയാണ്. വർഷങ്ങൾക്കു മുമ്പ് ലോകത്തു വ്യാപിച്ച പ്ലേഗ് ബോണമ്പിന്റെ വിവരങ്ങൾ അന്ന് ലോകത്തിന് അറിയിച്ചുകൊടുത്തത് പത്രങ്ങളാണെങ്കിൽ ഏകദേശം നാല് വർഷം മുമ്പ് ലോകത്തു വ്യാപിതമായ കൊറോണയെ സംബന്ധിച്ചുള്ള വിവരങ്ങൾ ലോകത്തിനു പകർന്നു നൽകിയത് നവമാധ്യമങ്ങൾ തന്നെയാണെന്ന് നിക്ഷ്പക്ഷമായി നമുക്ക് പറയാൻ സാധിക്കും.

രാജ്യങ്ങൾ തമ്മിൽ അതിർത്തി തർക്കത്തിന്റെ പേരിൽ പിറന്നു വീഴുന്ന ഓരോ കുഞ്ഞിനെയും വെടിവെച്ചുകൊല്ലുന്ന അതിക്രൂരമായ സംഭവമാണ് പലസ്തീൻ മണ്ണിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്.ഇസ്രേൽ അവിടെയുള്ള മറ്റു മാധ്യമങ്ങളായ പത്രങ്ങളെല്ലാം നിരോധിച്ചപ്പോഴും സോഷ്യൽ മീഡിയയുടെ സഹായത്താൽ അവർക്ക് സംഭവിക്കുന്ന കാര്യങ്ങൾ മറ്റു രാജ്യങ്ങളിലുള്ളവർക്ക് അറിയാൻ സാധിച്ചു. സോഷ്യൽ മീഡിയയില്ലെങ്കിൽ ഇങ്ങനെയൊരു യുദ്ധം നടക്കുന്ന വിവരം മറ്റു രാജ്യങ്ങൾ അറിയുമായിരുന്നില്ല. റഷ്യയും അമേരിക്കയും പലസ്തിനി പോകുന്നുണ്ടോ എന്ന കാര്യത്തിൽ സംശയമില്ല. ഇന്ന് സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചു കൊണ്ടിരിക്കുന്ന ഒരു പ്രധാനപ്പെട്ടയൊന്നാണ് "ഡീഫ് ഫേക്ക്. "

ഇങ്ങനെ സോഷ്യൽ മീഡിയയിലൂടെ ഒരു നടിയുടെ വ്യാജ ഡീപ് ഫേക്ക് വീഡിയോ പ്രചരിക്കുന്നുണ്ട്. പല വലിയ നടന്മാരും മറ്റു പ്രവർത്തകരും അതിനെതിരെ പ്രതിഷേധിച്ചതുമെല്ലാം നാം വാർത്തകളിൽ കണ്ടതാണ്. എന്നാൽ ഇതുപോലെ അനേകം അറിയപ്പെടാത്ത സൈബർ കുറ്റങ്ങളും നമ്മുടെ സമൂഹത്തിൽ നടന്നു.

കൊണ്ടിരിക്കുന്നുണ്ട് സൈബർ നിയമങ്ങൾ കുറച്ചുകൂടി കർശനമാക്കേണ്ട രീതിയിലേക്ക് വളരേണ്ടത് ഇന്ന് സമൂഹത്തിൽ അനിവാര്യമാണ്.

ഇങ്ങനെ പലതരം വലകൾ വിരിച്ചുകൊണ്ടാണ് സോഷ്യൽ മീഡിയ ഉള്ളതെങ്കിലും അത് ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുന്ന ചിലരെങ്കിലും നമ്മുടെ സമൂഹത്തിലുണ്ട്. വിദ്യാഭ്യാസപരമായ മറ്റു പല അറിവുകളും ഫലപ്രദമായ രീതിയിൽ സോഷ്യൽ മീഡിയ ഉപയോഗിക്കുന്നവരും ഇന്ന് നമ്മുടെ സമൂഹത്തിലുണ്ട്.ലോകത്തെ മുഴുവനോടും ആനുഭാവം പുലർത്തിയത് അവർ സോഷ്യൽ മീഡിയയിലൂടെ കേട്ടതും കണ്ടതുമായ അറിവുകളിലൂടെയാണ് പലസ്തീനിന്റെ രക്ഷനായിമാറിയ ഒന്നു തന്നെയാണ് നവമാധ്യമങ്ങൾ.

ഇന്ന് നമുക്ക് സോഷ്യൽ മീഡിയയെ വിമർശിക്കണമെങ്കിൽ പോലും നാം സോഷ്യൽ മീഡിയയെ ആശ്രയിക്കണം. എന്നാൽ ചിലർ സോഷ്യൽ മീഡിയയെ ഉപയോഗിക്കുന്നത് പല തമാശകളിലൂടെ മറ്റുള്ളവരെ ആസ്വദിപ്പിക്കാൻ വേണ്ടിയാണ്.എന്തുതന്നെയായാലും നവമാധ്യമങ്ങൾ അതിന്റെ ധർമ്മത്തിൽ നിന്ന് വ്യതിചലിക്കരുത്.ഇന്നത്തെ വാർത്തകൾ ഓരോന്നും നമ്മെ രസിപ്പിക്കുന്നവയാണ്.ഇങ്ങനെ സോഷ്യൽ മീഡിയയിൽ പടർന്ന ഒരു തെറ്റായ വാർത്തയാണ് 'ബൈക്കിടിച്ച് തൃശ്ശൂർ മരിച്ചു' എന്നത്.ഇത്തരം കാര്യങ്ങൾ അർഥമാക്കുന്നത്.മാധ്യമം അതിന്റെ ധർമ്മത്തിൽ നിന്നു വേർപ്പെടുന്നു എന്നതാണ്. സോഷ്യൽ മീഡിയ ഫലപ്രദമായി ഉപയോഗിക്കുകയാണെങ്കിൽ പല വിപ്ലവങ്ങളും നമുക്ക് സൃഷ്ടിച്ചെടുക്കാൻ സാധിക്കും.

# കലാവിദ്യാഭ്യാസം

## കുട്ടികളിൽ



Shelly.P T
HST Music

**ലോ**കത്തിന്റെ ഏത് കോണിലുള്ളവർക്കും ആശയവിനിമയം നടത്താൻ കഴിയുന്ന സാർവലൗകിക ഭാഷയാണ്.കല ലോകത്തിലെ സമസ്ത മേഖലകളേയും സ്പർശിക്കുന്ന,ശാസ്ത്രത്തിന്റേയും പ്രകൃതിയുടെയും സമൂഹത്തിന്റേയും സങ്കീർണമായ പ്രശ്നങ്ങളിൽ കലാവിഷ്കരണത്തിലൂടെ സാമാന്യജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ കഴിയുന്ന ഉത്തമ മാധ്യമം കൂടിയാണ് കല. ഒരു നാടിന്റെ വളർച്ചയിൽ കലയും സംസ്കാരവും മുഖ്യപങ്ക് വഹിക്കുന്നു എന്ന് പറയേണ്ടതില്ലല്ലോ.



കുട്ടികളുടെ ശാരീരികവും ബുദ്ധിപരവുമായ വളർച്ചയിൽ കലാകാർക്കുള്ള പങ്ക് വളരെ വലുത്ണ് ചിത്രരചന,സംഗീതം,നൃത്തം,അഭിനയം,ശില്പനിർ മ്മാണം തുടങ്ങിയ കലകൾക്ക് പൊതുവെ അതിയായ താല്പര്യമുള്ളവരാണ് കുട്ടികൾ.ആസ്വാദന ബോധം ഓരോ കുട്ടിയിലും വ്യത്യസ്തവുമാണ്.ഇത് ചെറുപ്രായത്തിൽ തന്നെ തിരിച്ചറിഞ്ഞ് പ്രോത്സാഹനവും പരിശീലനവും നൽകേണ്ടത് അത്യാവശ്യമാണ്.

ചെറുപ്രായത്തിൽ തന്നെ അക്ഷരങ്ങളും ഗണിതവും ചരിത്രവും പഠിക്കുന്നതോടൊപ്പം കലാവിഷയങ്ങൾ പരിശീലിപ്പിക്കുന്നതിനും ആസ്വദിക്കുന്നതിനും നാം അവസരം നൽകേണ്ടതുണ്ട്. നൂറ്റാണ്ടുകൾ പഴക്കമുള്ള നമ്മുടെ സാംസ്കാരിക ജീവിതത്തിന്റെ മാറ്റത്തിലും വളർച്ചയിലും ഒരു നാടിന്റെ കലാചരിത്രം വലിയ പങ്കുവഹിക്കുന്നുണ്ട്. കാലത്തെ അതിജീവിക്കുന്ന രചനാ ശൈലി,സാംസ്കാരിക തനിമ, ഇവയൊക്കെ നമ്മുടെ ചരിത്രത്തെ സമ്പന്നമാക്കുന്നു എന്ന വസ്തുത നമ്മുടെ കുട്ടികൾ ഉൾക്കൊള്ളേണ്ടതുണ്ട്. എല്ലാ ജീവജാലങ്ങൾക്കും ഒരുപോലെ ആസ്വദിക്കാനാവുമെന്നതിനാൽ



സംഗീതം മറ്റ് കലകളിൽ നിന്ന് വ്യത്യസ്തമാണ്.സംഗീതം ആസ്വദിക്കുന്ന കുട്ടിക്ക് വിദ്യാഭ്യാസ കാലഘട്ടത്തിൽ ഉണ്ടാകാനിടയുള്ള മാനസിക പിരിമുറുക്കങ്ങൾ ഇല്ലാതാക്കി മനസ്സ് പ്രസാദാത്മകമാക്കിത്തീർക്കാൻ കഴിയുന്നു. ഈ ആസ്വാദനക്ഷമത വർധിപ്പിക്കാൻ കൃത്യമായ പഠനം ആവശ്യമാണ്. നൃത്തം ശാരീരിക ചലനങ്ങളുടെ വികാസത്തെ ത്വരിതപ്പെടുത്തുന്നതോടൊപ്പം മാനസികമായ ഏകാഗ്രത വളർത്തിയെടുക്കുന്നതിനും സഹായിക്കുന്നു. അഭിനയ പരിശീലനത്തിലൂടെ കുട്ടികളെ വ്യത്യസ്ത വികാരങ്ങളെ തിരിച്ചറിയാൻ പ്രാപ്തരാക്കുന്നു. പഠനത്തിന് പൂർണത ലഭിക്കുവാനും മറ്റ് ക്രിയാത്മക പ്രവർത്തനങ്ങളിൽ പങ്കാളിയാവാനും കലയുടെ ഇടപെടൽ അനിവാര്യമാകുന്ന ഈ കാലത്ത് കഴിവുകൾ തിരിച്ചറിയാനും സ്വീകരിക്കുവാനും ആസ്വദിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും തയ്യാറായാൽ മാത്രമേ കലാവിദ്യാഭ്യാസത്തിലൂടെ കുട്ടികളെ സംസ്കാര സമ്പന്നരാക്കി മാറ്റാൻ കഴിയൂ.ഏതൊരു വിദ്യാലയവും മികവിന്റെ കേന്ദ്രമാണെങ്കിൽ കലാവിദ്യാഭ്യാസം അനിവാര്യമാണ്.

# വർധിച്ചു വരുന്ന റോഡപകടങ്ങളും, റോഡ്സുരക്ഷ ബോധവൽകരണവും.



Muhammed Nihal
X F

ഇന്ന് സമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രധാന പ്രശ്നമാണ് റോഡപകടം. ഒരു ദിവസം അനേകം ജീവനുകളാണ് ഇതിലൂടെ നഷ്ടപ്പെട്ടുപോകുന്നത്.കൃത്യമായി അറിയാത്ത റോഡ് നിയമങ്ങളാണ് ഓരോ വ്യക്തിക്കും തന്റെ ജീവൻ നഷ്ടപ്പെടുത്തുന്നത്. ഈ അപകടമില്ലാതാക്കാൻ ഇന്ന് സമൂഹത്തിൽ നടപ്പിലാക്കാൻ പറ്റുന്ന ഒരു പ്രതിവിധി എന്നത് റോഡ് സുരക്ഷ ബോധവൽകരണം മാത്രമാണ്.

ഈ റോഡപകടമില്ലാതാക്കാൻ മുഴുവനായി സാധിക്കില്ല. എങ്കിലും ഇത് ഒരു പരിധിവരെ തടയാൻ നമ്മുക്ക് സാധിക്കും.അതിനാദ്യം ബോധവന്മാരാകേണ്ടത് ഓരോ ഡ്രൈവർമാരുമാണ്.ഇന്ന് പലരും ലൈസൻസ് കരസ്ഥമാക്കുമ്പോൾ മുഴുവനായി വാഹനനിയമങ്ങൾ മനസ്സിലാക്കുന്നില്ല. ആകെ അവർക്കറിയുന്നത് റോഡിലെ ട്രാഫിക് സിഗ്നലുകൾ മാത്രമാണ്.അവർ പോലിസിനെ കാണുമ്പോൾ മാത്രം ഹെൽമറ്റും,സീറ്റ് ബെൽട്ടുകളും ധരിക്കുന്നു. അവർക്ക് പേടി സ്വയം ശരീരത്തോടല്ല, മറിച്ച് പോലിസുകാരോടാണ്.സുരക്ഷിതത്ത്വം ഉറപ്പുവരുത്താതെ വാഹനത്തിൽ ചീറിപ്പായുമ്പോൾ അവർ സ്വന്തം ശരീരത്തെപ്പറ്റി ഓർക്കുന്നില്ല.ഈ വാഹനാപകടം കുറയ്ക്കണമെങ്കിൽ ആദ്യം വാഹനമോടിക്കുന്നയാൾ പൂർണ ജാഗ്രത പാലിക്കണം.പോലീസ് പിടിക്കുമോ എന്ന ഭയമല്ല,മറിച്ച് സ്വയം ശരീരത്തോട് ജാഗ്രതയാണ് ഓരോ വ്യക്തിക്കുമിന്ന് റോഡിലിറങ്ങുമ്പോൾ

ഉണ്ടാകേണ്ടത്. ഈ ജാഗ്രത ഓരോ വ്യക്തിയുടെ മനസ്സിലുണ്ടെങ്കിൽ ഒരു പരിധിവരെ റോഡപകടങ്ങൾ നമ്മുക്ക് തടയാൻ സാധിക്കും .

ചില വ്യക്തികൾ തങ്ങളുടെ പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് വാഹനം കൊടുത്തയയ്ക്കുന്നു.ഇതിന്റെ പിന്നിലെ പ്രശ്നങ്ങൾ അറിയാതെ മക്കൾ വാഹനത്തിൽ ചീറിപ്പായുന്നു.ഓരോ കുട്ടികളെയും അവരുടെ മാതാപിതാക്കൾ പറഞ്ഞയയ്ക്കുന്നത് മരണത്തിലേക്കാണ്. ഇന്ന് പത്രങ്ങളെടുത്ത് നോക്കിയാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. എത്രയോ അധികം കുട്ടികളെയാണ് പോലീസ് ലൈസൻസില്ലാതെ കണ്ടെത്തുന്നത്. അതിന് പ്രതിവിധിയായി തന്നെ അവർ കുട്ടികളുടെ രക്ഷിതാക്കൾക്കെതിരെ പിഴ ചുമത്തുന്നു. പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് ഇതിനെക്കുറിച്ചറിവില്ലായിരിക്കും എന്നാൽ ബോധവാന്മാരായ രക്ഷിതാക്കൾക്ക് ഇതിനെക്കുറിച്ചറിവുണ്ട്. എന്നിട്ടും സാധനങ്ങൾ വാങ്ങാനുംമറ്റും കുട്ടികളുടെ കൈകളിലേക്ക് വാഹനം നൽകുന്നു.ഈ ഒരു പ്രവൃത്തികാരണം സമൂഹത്തിലുണ്ടാകുന്നത് നിരവധി അനവധി റോഡപകടങ്ങളാണ്. ഈ കാര്യത്തെക്കുറിച്ച് എല്ലാ രക്ഷിതാക്കളും ബോധവാന്മാരാകേണ്ടത് ഇന്നത്തെ സാഹചര്യത്തിൽ തികച്ചും അനിവാര്യമാണ്. അതിനുവേണ്ടി രക്ഷിതാക്കൾക്കും,കുട്ടികൾക്കും റോഡ് സുരക്ഷാബോധവൽകരണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതുണ്ട്.

നിരവധി ആളുകൾക്ക് പ്രയോജനമാകുന്ന ഒരു ക്ലാസാണ് റോഡ് സുരക്ഷാ ബോധവൽകരണം.കൃത്യമായ വാഹന നിയമങ്ങൾ അറിയാത്തവരാണ് ഇന്ന് റോഡിലിറങ്ങുന്ന പല ഡ്രൈവർമാരും. അവർക്ക് ഈ ക്ലാസ് ഉചിതമായിരിക്കും. ഇന്ന് പല പോലീസ് സ്റ്റേഷന്റെ നേതൃത്വത്തിലും പല സ്ഥലങ്ങളിൽ ഇത്തരം റോഡ്സുരക്ഷാ ബോധവൽകരണ ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്.അതുപോലെ ഓരോ സ്കൂളിലും ഇത്തരം ബോധവൽകരണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതുണ്ട്.അത്തരം ക്ലാസുകളിലൂടെ കുട്ടികൾക്ക് സ്വയം റോഡ് നിയമങ്ങളറിഞ്ഞ് പ്രവർത്തിക്കാൻ സാധിക്കും. എല്ലാ സ്കൂളുകളിലെയും

NCC,SPC ഇടങ്ങി സന്നദ്ധപ്രവർത്തകരെല്ലാം ഇതിനുവേണ്ടി പ്രയത്നിച്ചാൽ വലിയൊരു വിപ്ലവം തന്നെ നമ്മുക്ക് സൃഷ്ടിക്കാൻ സാധിക്കും.

ഇതിനെല്ലാമുപരി മറ്റൊരു നല്ല സംവിധാനമാണ് മോട്ടോർവഹിക്കിൾസ് ഡിപാർട്ട്മെന്റ് മുന്നോട്ട് വച്ചത്,എ.ഐ ക്യാമറ.പലരും ഇതിനെതിരെ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ ക്യാമറ ഓരോ വ്യക്തിയെയും തികച്ചും ബോധവാനാക്കുന്നുണ്ട്.അലസമായി തള്ളിയിരുന്ന പല കണക്കുകളിലും ഈ റോഡപകടം നിറഞ്ഞുനിന്നിരുന്നത് കൊണ്ടാവാം ഇത്തരം അപകടങ്ങൾ സമൂഹത്തിൽ വർധിച്ചുകൊണ്ടിരുന്നത്.എന്നാൽ അതിനു പ്രതിവിധിയാണ് എ.ഐ ക്യാമറകൾ.ഇന്ന് കൃത്യമായ കണക്കുകൾ പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും എ.ഐ ക്യമറയുടെ ഉത്ഭവം മുതൽ കേരളത്തിലെ അപകടമരണങ്ങൾ നാലിരട്ടിയായാണ് കുറഞ്ഞത്.ഇത് സർക്കാറിനു പണമുണ്ടാകുന്ന ഒരു സ്രോതസ്സാണെങ്കിലും ഇതിലൂടെ രക്ഷപ്പെട്ടത് അനേകം അപകട മരണങ്ങളാണ്. എ.ഐ ക്യാമറകൾ ചിത്രം പകർത്തിയാൽ അത് ഫൈനുകൾക്ക് കാരണമാകുമെന്ന് ഓരോ വ്യക്തിയും ബോധവാനാകുന്നു. അത് വ്യക്തിയുടെയും ജീവൻ രക്ഷിക്കുന്നു. ഒരോ വ്യക്തികളും ഈ ക്യാമറയെ ഭയന്ന് പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തിയാണ് വീട്ടിൽ നിന്നും പുറത്തിറങ്ങുന്നത്. അപ്പോഴും ഓരോ വ്യക്തിയുടെയും മനസ്സിൽ ഭയമാണ്,ജാഗ്രതയല്ല ഓരോ വ്യക്തിക്കും ഭയത്തിനുപരി ഉണ്ടാവേണ്ടത് സ്വന്തം ജീവിതത്തോട് ജാഗ്രതയാണ്.എന്നു മുതലാണോ മനുഷ്യൻ സ്വാർഥനായത് അന്നു മുതൽ മനുഷ്യൻ അവന്റെ സുരക്ഷിതത്ത്വം മറന്നുപോയി.

മറ്റൊരു അപകടകാരിയാണ് ലഹരി. ഈ ലഹരി ഉപയോഗിച്ച് ബോധമില്ലാത്ത മനുഷ്യൻ വാഹനമോടിക്കുന്നു.അന്യന്റെ ജീവനും സ്വന്തം ജീവനും ആപത്താണെന്നറിഞ്ഞിട്ടും ലഹരി വസ്തുക്കൾ ഉപയോഗിച്ച് മനുഷ്യർ ഉന്മാദാവസ്ഥയാണ് മൊബൈൽ ഫോൺ.ഒരു സെക്കന്റ് പോലും അതില്ലാതെ മനുഷ്യന് ജീവിക്കാൻ കഴിയില്ല എന്നതാണ് യാഥാർത്യം ,വാഹനമോടിക്കുമ്പോഴും അങ്ങനെ തന്നെ.ഒരു കൈയ്യിൽ മൊബൈലും മറ്റേ കൈ വാഹനത്തിലും ആയാണ് പലരും ഇന്ന്

വാഹനമോടിക്കുന്നത്.പറയുമ്പോൾ ഇത് നിസ്സാരമായേക്കാം പക്ഷേ ഇത് നശിപ്പിക്കുന്നത് ഒരു ജീവിതമാണ്.
മൊബൈലും ലഹരിയുമെല്ലാം വാഹനമോടിക്കുന്നവന് നിരോധിച്ചതാണെന്നറിഞ്ഞിട്ടും അത് ലംഘിക്കാൻ മനുഷ്യന് ഒട്ടും മടിയില്ല. ഇത്തരം പ്രവർത്തനങ്ങളിലൂടെ മനുഷ്യന്റെ നേട്ടം അപകടം മാത്രം.ഇത്തരം കാര്യങ്ങളെക്കുറിച്ച് ഒരോ പൗരന്മാരും ബോധവാന്മാരാകേണ്ടത് ഇന്ന് സമൂഹത്തിന്റെ കൂടി അത്യാവശ്യമാണ്. ഇത്തരത്തിലുള്ള ചെറിയ ചെറിയ കാര്യങ്ങൾ ശ്രദ്ധിച്ചാൽ തന്നെ നിരവധി റോഡപകടങ്ങളും,അപകടമരണങ്ങളും നമുക്ക് തടയാൻ സാധിക്കും.

ഇത്തരം കാര്യങ്ങൾ കേൾക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ പറ്റും റോഡ് സുരക്ഷാ ബോധവൽകരണത്തിന്റെ ആവശ്യകത. അതിനു വേണ്ടി ഭരണാധികാരികളുടെയും രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും കൂട്ടായ്മകൾ രംഗത്തുവരേണ്ടതുണ്ട്.എന്നാൽ മാത്രമെ ആരോഗ്യപൂർണ്ണമായ ഒരു പുതു തലമുറയെ നമ്മുക്ക് വാർത്തെടുക്കാൻ സാധിക്കുകയുള്ളൂ.ഓരോ വ്യക്തിയുടെയുള്ളിലും റോഡ് സുരക്ഷയെക്കുറിച്ച് തികഞ്ഞ ബോധമുണ്ടാകണം. അതിനു വേണ്ടി പരമാവധി റോഡ് സുരക്ഷ ബോധവൽകരണ ക്ലാസുകളിൽ നാം പങ്കെടുക്കേണ്ടത് അനിവാര്യമാണ്. അങ്ങനെ വർധിച്ചു വരുന്ന റോഡപകടങ്ങളിൽ നിന്നും മുക്തമായ ഒരു സമൂഹം നമ്മുക്ക് സൃഷ്ടിച്ചെടുക്കാം...





Nafeesathul Misrya .C.H
IX-B

# MY SCHOOL MY PRIDE

**M**Y SCHOOL... MY PRIDE.....
Iam proud to study in my school
we learn to accept.
Not to expect
we play, we study
I like going to my school very much..


Ican’t forget my school trip..
all my teachers are very dear to me..
Every day of my life is full
of happiness and sadness..
But school and friends are my joy....

# वायना का दुनिया



Rithunanda
VIII A

**वा**यना ज्ञान का एक आश्चर्य है I वायने से प्राप्त ज्ञान का मूल्य कुछ ऐंसा है , जिसे हममें से प्रत्येक को जनना चाहिए I केरल में शिक्षा की वृद्धि सबसे अधिक है I इसका मुख्य कारणं किताबें हैं I पुस्तक द्वारा दिया गया ज्ञान का प्रकाश अवर्णनीय है I ज्ञान प्राप्त करने का अर्थ है सफलता प्राप्त करना I हमें वायने के बारे में बचपन से पता होना चाहिए वह पढी गई किताबों की संख्या नही बल्कि उससे प्राप्त ज्ञान और विचार है I वायने का मूल्य केवल एक अच्छा व्यक्ति ही जान सक्ता है I अगर हम किसी आदमी के चरीत्र को देखें तो हमें उसकी वायने की समझ का पता चल जाता है I जून को हम रीडिंग डे मनाते हैं I



यह दिन पीएन पणिक्कर की स्मृति को ताजा करने के लिए मनायां जाता है I इसके माध्यम से छात्रों को पढने का मूल्य बताया जा सक्ता है I

आज नई पीढी ज्ञान की महानता के बारे में सचेत होकर नहीं सोचती I वे केवल फेसबुक और वाट्सएप का आनंद लेना चुनते हैं I आइए हाथ मिलाएं और वायने को समझने और वायने के जादू को समझने के लिए समाज में जाएं.I...........



# യാത്ര

**Anju , HST Malayalam**



**ഓ**രോ യാത്രയും
ഒരുപാട് കാത്തിരിപ്പുകളാണ്.
തുടങ്ങിയേടത്തും വഴി
മധ്യേയും
എത്തിച്ചേരേണ്ടിടത്തും
നമുക്ക് വേണ്ടി
എന്തൊക്കെയോ
കാത്തിരിപ്പുണ്ട് ....

ഒഴുകി ഒഴുകി ചുരുങ്ങുന്നതല്ല
ഒഴുകി ഒഴുകി പരക്കുന്നതാണ് യാത്ര
പിന്നിട്ടു മറഞ്ഞതെല്ലാം
കൈ മോശം വന്നതാവണമെന്നില്ല.
എങ്കിലും മുന്നോട്ടുള്ള പാത
എത്തിച്ചേരാനുള്ളതാണ്
യാത്രകളോരോന്നും ഓരോന്നും
ഓരോ ഓർമ്മകളാണ്
ഓർത്ത് മടുക്കുമ്പോൾ
ഓർമ്മകൾ ചിലപ്പോൾ മരിച്ചു പോവാറുണ്ടത്രേ
മനസ്സു മടുത്തു പോകുന്നതും
ഒരു തരം മരണം തന്നെയാണ്.

# മദ്യവും മയക്കുമരുന്നും യുവതലമുറയിൽ



Sangeerthana S (IX C)

മനുഷ്യനെ നിത്യദു:ഖത്തിലേക്കും അകാല മരണത്തിലേക്കും കൊണ്ടെത്തിക്കുന്ന ഒന്നാണ് ലഹരിവസ്തുക്കൾ. സാമൂഹ്യജീവിതത്തിൽ ഇവ എത്രമാത്രം സ്വാധീനിക്കപ്പെട്ടിരിക്കുന്നുവോ അത്രതന്നെ അപകടകരമായ അവസ്ഥയിലാണ് ഇന്ന് മനുഷ്യന്റെ പ്രയാണം. ഇവ ഉപയോഗിക്കുന്നത് അന്തസ്സിന്റെ ചിഹ്നമായി ഒരു കൂട്ടർ കാണുന്നെങ്കിലും, മറ്റൊരു കൂട്ടർ ക്കിത് മനസിന്റെ പക്വതയില്ലായ്മയുടെ അനന്തരഫലമാണ്. മദ്യത്തിനും മയക്കുമരുന്നിനും അടിമയാകുന്നവരിൽ ശരീര പ്രതിരോധശേഷി നഷ്ടമാവുകയും കരൾ, തലച്ചോർ തുടങ്ങിയ ആന്തരികാവയവങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുകയും ചെയ്യും.



ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കരുതെന്ന് ഉപദേശിക്കുന്നവരെ പുച്ഛിക്കുന്ന സമൂഹത്തെയാണ് നാമിന്ന് കാണുന്നത് . സ്വന്തം കുടുംബത്തെപോലും ഇല്ലാതാക്കാൻ യാതൊരു മടിയും ഇക്കൂട്ടർക്ക് ഇല്ല എന്ന് മാത്രമല്ല, മദ്യപാനികൾ കുടുംബത്തിനും സമൂഹത്തിനും വരുത്തിവയ്ക്കുന്ന വിനകൾ കുറച്ചൊന്നുമല്ല. കുടുംബ സുരക്ഷ, രാജ്യസുരക്ഷ ഇതൊന്നും അവർക്ക്

ഒരു പ്രശ്നമല്ല. ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നത് മഹാത്മാക്കൾ ഉപദേശിക്കാറുണ്ട് . മദ്യനിരോധനം മനുഷ്യ നന്മക്കും രാഷ്ട്രപുരോഗതിക്കും അത്യന്താപേക്ഷിതമാണെന്ന് രാഷ്ട്രപിതാവായ ഗാന്ധിജി ഉദ്ബോധിപ്പിച്ചിരിക്കുന്നു. ഇന്ത്യയുടെ മുഴുവൻ ഭരണാധികാരിയായി താൻ അവരോധിക്കപ്പെട്ടാൽ ആദ്യം ചെയ്യുക നാട് ഒട്ടാകെയുള്ള മദ്യഷാപ്പുകൾക്കു നഷ്ടപരിഹാരം കൊടുക്കാതെ നിർത്തലാക്കും എന്നാണ് ഗാന്ധിജി പറഞ്ഞത്. "കള്ളുണ്ടാക്കരുത് , കൊടുക്കരുത് ,കുടിക്കരുത് " എന്ന് ശ്രീ നാരായണ ഗുരു ഉറക്കെയും ഉറപ്പിച്ചും പറഞ്ഞിരുന്നു. എന്നാൽ കുത്താൻ പോകുന്ന പോത്തിനോട് വേദമോതിയിട്ട് കാര്യമില്ല എന്ന് പറയുന്നത് പോലെ എത്ര ഉപദേശിച്ചിട്ടും നേർവഴിക്ക് നടക്കാത്തവരെ നിയമം മൂലം തടയുക തന്നെ വേണം.നിയമത്തെ മറികടക്കാനുള്ള മനുഷ്യരുടെ വ്യഗ്രതയും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളും നാടിനും ഗവൺമെന്റിനും തലവേദനകൾ സൃഷ്ടിക്കും.

അനധികൃതമായി ലഹരി പദാർത്ഥങ്ങളുടെ വിൽപ്പനയും ഉപയോഗവും കണ്ടില്ലെന്ന് നടിക്കുന്ന സർക്കാരിന് ജനപിന്തുണ ലഭിക്കില്ല എന്നുമാത്രമല്ല വൻ പ്രതിഷേധങ്ങൾക്കു കാരണമാകുകയും ചെയ്യും . എന്നാൽ മാറി മാറി വരുന്ന സർക്കാരുകൾ മധ്യനിരോധനം പോലെയുള്ള കണ്ണ്കെട്ട് വിദ്യയിലൂടെ ജനങ്ങളെ വഞ്ചിക്കുന്നതായി കാണാം.

വലം കൈകൊണ്ട് മദ്യനിരോധന നയങ്ങളിൽ ഒപ്പുവയ്ക്കുന്നവർ ഇടം കൈകൊണ്ട് മദ്യം വിളമ്പുന്നതിലൂടെ എന്ത്

ധാർമികതയാണ് നമുക്കുള്ളത് . വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലക്ഷ്യമാക്കിയും ഒളിഞ്ഞും തെളിഞ്ഞും കൗമാരക്കാരായ വിദ്യാർത്ഥികളെ ലക്ഷ്യമാക്കിയും ലഹരിപദാർത്ഥങ്ങൾ വിൽപ്പന നടത്തുന്ന റാക്കറ്റുകൾ കടന്നാക്രമിക്കുന്നത് ഇന്ന് വൻ വിപത്തായി മാറിയിരിക്കുന്നു. ഈ അവസ്ഥകൾക്ക് പരിഹാരം കാണാൻ സർക്കാരും വിദ്യാലയ കലാലയ അധികൃതരും കർശന നിയന്ത്രണങ്ങൾ പാലിക്കേണ്ടതാണ് .

ചുരുക്കത്തിൽ മദ്യവും മയക്കമരുന്നുകളും ഇല്ലാത്ത ഒരു ഇന്ത്യ ചൈതന്യമുള്ള ഒരു ജനത അതാവണം നമ്മുടെ ലക്ഷ്യം.......

# സാമൂഹ്യ മാധ്യമവും യുവതലമുറയും



Arya Sasikumar
IX-C

ഇക്കാലത്ത് സോഷ്യൽ മീഡിയ അതിന്റെ പ്രവർത്തനക്ഷമത കാരണം വളരെ ജനപ്രിയമായ ഉപകരണമാണ്. ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ട്വിറ്റർ എന്നാൽ അതിലേറെയും പോലുള്ള പ്ലാറ്റ്ഫോമുകൾക്ക് നന്ദി പറഞ്ഞ് ആളുകൾക്ക് ദൂരങ്ങളിൽ പരസ്പരം ആശയവിനിമയം നടത്താനുള്ള അവസരമുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സോഷ്യൽ മീഡിയ ലോകത്തെ മുഴുവൻ നമുക്ക് പ്രാപ്യമാക്കിയിരിക്കുന്നു. സോഷ്യൽ മീഡിയ ഉപയോഗിക്കുന്ന ഏറ്റവും വലിയ ജനസംഖ്യാശാസ്ത്രങ്ങളിലൊന്ന് യുവാക്കളാണ്. അത്ര ശക്തവും സാങ്കേതികമായി പുരോഗമിച്ചതും ആയ ഒന്നും നല്ലതല്ലെന്ന് നിങ്ങൾ ചിന്തിക്കാൻ തുടങ്ങുന്നു. സോഷ്യൽ മീഡിയ ഒരു നാണയത്തിൽ നിന്ന് വ്യത്യസ്തമല്ല. അതിന് എല്ലായ്പ്പോഴും രണ്ട് വശങ്ങളുണ്ട്.തുടർന്ന് ഈ ചർച്ചാവിഷയത്തിൽ ആളുകൾക്ക് വ്യത്യസ്ത വീക്ഷണങ്ങളുമുണ്ട്.

ഈ വ്യതിരിക്തമായ നേട്ടങ്ങൾ ഉണ്ടായിരുന്നിട്ടും സമൂഹത്തിലെ ഏറ്റവും വിനാശകരമായ ശക്തികളിലൊന്നായി സോഷ്യൽ മീഡിയ കണക്കാക്കപ്പെടുന്നു. സോഷ്യൽ മീഡിയ ഉപയോഗം നിയന്ത്രിച്ചില്ലെങ്കിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകാം. നിങ്ങളുടെ സ്വകാര്യതയിലേക്കുള്ള അദ്ഭുതപൂർവം ആയ കടന്നുകയറ്റം കാരണം ഇത് ഹാനികരമാണ്. സോഷ്യഷൽ മീഡിയയിലെ

ഓവർ ഷെയർ കാരണം കുട്ടികളെ വേട്ടയാടുന്നവരും ഹാക്കർമാരും കുട്ടികളെ ലക്ഷ്യമിടുന്നു. കൂടാതെ ഇത് സൈബർ ഭീഷണിക്ക് കാരണമാകുന്നു. ഇത് എല്ലാവരെയും പ്രതികൂലമായി ബാധിക്കുന്നു. അതിനാൽ കുട്ടികൾ സോഷ്യൽ മീഡിയയിൽ എന്താണ് പ്രസിദ്ധീകരിക്കുന്നത് എന്ന് നിരന്തരം നിരീക്ഷിക്കേണ്ടത് രക്ഷിതാക്കളുടെ ഉത്തരവാദിത്ത്വമാണ്. പഠനത്തിനുപകരം സോഷ്യൽ മീഡിയയിൽ സമയം ചിലവഴിക്കുന്നതിനാൽ ഈ ആസക്തി വിദ്യർത്ഥികൾക്ക് അവരുടെ സ്കൂൾ ജോലികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് ബുദ്ധിമുട്ടാകുന്നു. സമൂഹങ്ങൾക്കിടയിൽ വിള്ളലുണ്ടാകുന്നതും സോഷ്യൽ മീഡിയയാണ്. ഇത് ഉപയോഗിക്കുന്നതിലൂടെ വ്യാജവാർത്തകൾ പ്രചരിക്കുന്നു. സമാധനമുള്ള ആളുകളുടെ തലച്ചോറിനെ വിഷലിപ്തമാക്കുന്നു.

ചുരുക്കത്തിൽ സോഷ്യൽ മീഡിയയ്ക്ക് ഗുണങ്ങളും ദോഷങ്ങളുമുണ്ട്. എന്നാൽ എല്ലാം അന്തിമ ഉപഭോക്താവിനെ ആശ്രയിച്ചിരിക്കുന്നു. കുട്ടികൾ അവരുടെ സോഷ്യൽ മീഡിയ ഉപയോഗം ശാരീരിക പ്രവർത്തനങ്ങൾ അക്കാദമിക് വിജയം എന്നിവയ്ക്കിടയിൽ സന്തുലിതാവസ്ഥ കൈവരിക്കേണ്ടതുണ്ട്. അമിതമായി ഉപയോഗിക്കുന്നതെല്ലാം സോഷ്യൽ മീഡിയ ഉൾപ്പെടെ അപകടകരമാകും. തൽഫലമായി സന്തോഷകരവും സന്തുലിതവുമായ ജീവിതം നയിക്കാൻ നാം ശ്രമിക്കേണ്ടതുണ്ട്. സോഷ്യൽ മീഡിയയുടെ ദോഷങ്ങൾ മാറ്റിനിർത്തി നേട്ടങ്ങൾ പരിഗണിക്കുമ്പോൾ നമുക്ക് പലതും ലഭിക്കും. ഏറ്റവും പ്രധാനമായി, ഇതൊരു മികച്ച വിദ്യാഭ്യാസ ഉപകരണമാണ്. കേവലം ഒരു ക്ലിക്കിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ എല്ലാ വിവരങ്ങളും ലഭിക്കും. വിദ്യാർത്ഥികൾക്ക് വിവിധ വിഷയങ്ങൾ സ്വയം ബോധവൽക്കരിക്കാൻ സോഷ്യൽ മീഡിയ ഉപയോഗിക്കാം. കൂടാതെ സോഷ്യൽ മീഡിയ തൽസമയ പ്രഭാഷണങ്ങൾ സാധ്യമാക്കിയിട്ടുണ്ട്. നിങ്ങൾക്ക് ഇന്ത്യയിൽ ഇരുന്ന് അമേരിക്കയിൽ ഒരു പ്രസംഗത്തിൽ പങ്കെടുക്കാൻ സാധിക്കും. കൂടാതെ വായനക്കാർ പത്രങ്ങളിൽ നിന്ന് അകന്നുപോകുമ്പോൾ ,അവർ കൂടുതലായും സോഷ്യൽ മീഡിയയെ ആശ്രയിക്കുന്നു. നിങ്ങളെ നിരന്തരം

ഏറ്റവും പുതിയതായി നടക്കുന്ന അന്തർദേശീയ സംഭവങ്ങളെക്കുറിച്ച് അറിയിക്കുന്നു. ഒരു വ്യക്തിക്ക് ആഗോള പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ സാമൂഹിക അവബോധം വളർത്തിയെടുക്കുന്നു. നിങ്ങളുടെ പ്രിയപ്പെട്ടവരുമായുള്ള നിങ്ങളുടെ ബന്ധം മെച്ചപ്പെടുത്താൻ ഇത് സഹായകരമാകുന്നു. വിദേശത്ത് താമസിക്കുന്ന ബന്ധുക്കളെയും സുഹൃത്തുക്കളെയും കണ്ടുകൊണ്ട് ആശയവിനിമയം നടത്താനുള്ള സൗകര്യം ഇന്ന് സോഷ്യൽ മീഡിയ കാരണം സംഭവ്യമാണ്.


# Book Rivew



Subha R

HST English

# A THOUSAND SPLENDID SUNS




Mariam is only fifteen when she is send to Kabul to marry the troubled and bitter Rasheed, who is thirty years her senior.Nearly two decades later in a climate of owing unrest,tragedy strikes fifteen-year-old Laila, who must leave her home and join Mariam's unhappy household. Laila and Mariam are to find consolation in each other, their friendship grow as deep as the bond between sisters and as strong as the ties between mother and daughter. Khaled Hosseini explores this story in a powerful and heart-wrenching manner in his novel "A Thousand Splendid Suns".

A Thousand Splendid Suns is set in Afghanistan from the early 1960s to the early 2000s. Mariam, a young girl in the 1960s, grows up outside Herat, a small city in Afghanistan. Mariam has complicated feelings about her parents. She lives with her spiteful and stubborn mother, Nana; while her father Jalil, a successful businessman, visits Mariam — his only illegitimate child — once a week. Mariam resents her limited place in Jalil's life. She wants to live with him, his three wives, and her half-siblings in Herat. She makes her wishes known, by asking Jalil to take her to see Pinocchio for her fifteenth birthday. Jalil reluctantly agrees, but then never shows up to take her to the film. Mariam leaves her house and finds Jalil's house, but he doesn't let her in, so she sleeps on the street. The next morning, Jalil's chauffeur drives Mariam home where she finds that her mother has committed suicide. Mariam is taken to Jalil's home after her mother's funeral. Jalil's wives want

nothing to do with Mariam, so they force him to let her marry Rasheed, a widowed shoemaker in Kabul. At first Rasheed treats Mariam decently, but after she suffers miscarriage after miscarriage, he abuses her both physically and verbally. It becomes clear that Rasheed's only use for Mariam is in her ability to replace the son he lost years ago.

Meanwhile,Laila, a young, intelligent girl from a loving family is growing up down the street of Mariam and Rasheed. However, the Afghani war against the Soviets disrupts Laila's childhood and both her older brothers leave to join the war. Laila seeks comfort from her best friend, Tariq, a boy a few years older than her. Just before Laila reaches adolescence, her parents' receive news that both of their sons have been killed. A few years later, war reaches Kabul and bombs fall on the city regularly. By now, Tariq and Laila are teenagers and in love. As Tariq tells Laila that he and his family are fleeing to Pakistan, the couples makes love for the first time, quickly and passionately. A few days later, Laila's parents decide to leave Afghanistan as well, but as they are packing a rocket hits their house, killing Laila's parents and wounding her.

Rasheed and Mariam nurse Laila back to health and after she recovers, a stranger, Abdul Sharif brings her news that Tariq has died. Devastated and realizing she's pregnant with Tariq's child, Laila agrees to marry Rasheed. Mariam is initially hurt and threatened by Laila's presence and refuses to have anything to do with her. However, after Laila gives birth to a daughter, Aziza, the women come to see themselves as allies against Rasheed's abusive, manipulative ways. A few years later, Laila gives birth to a son, Zalmai. Then, one afternoon, after years of abuse and sadness, Laila is shocked to see a man standing at her front door: Tariq.

Tariq and Laila spend the afternoon together while Rasheed is at work. Laila and Mariam realize that Rasheed hired Abdul Sharif to tell Laila about Tariq's untrue demise so she wouldn't run away. When Rasheed finds out that Tariq has come home, he brutally beats Laila. With a shovel, Mariam kills Rasheed. The next day, Mariam turns herself over to the Taliban in an effort to clear the way for Laila to find sanctuary for herself and her children in Pakistan with Tariq. In Pakistan, Tariq and Laila marry and finally begin the life they dreamed of so many years ago. With time, both of Laila's children warm to Tariq and they enjoy their new life. But in September, 2001, their happiness is overshadowed by news that the United States has attacked Afghanistan. Following the US invasion, conditions in Kabul improve, and Laila insists that her family move back home so they can help rebuild their city. They stop by Herat on their way to Kabul, where Laila visits Mariam's old home and is able to come to terms with her grief over Mariam's execution. Laila and Tariq build a new life in Kabul.Laila becomes a schoolteacher at the orphanage where Aziza once lived. And when Laila becomes pregnant, she decides that if she has a girl, she'll name her as Mariam.

A Thousand Splendid Suns is divided into four parts. Part 1 tells the story of Mariam, a young girl born in Afghanistan in the 1950s. Part 2 describes the early life of Laila, who was born in Kabul in the late 1970's. The lives of the two women intersect in Part 3. Part 4 is from Laila's perspective. Throughout the story, global and regional power struggles bring chaos and destruction to both women's lives, and to the country of Afghanistan. The characters are vividly drawn, and their emotional depth resonates throughout the novel. Mariam, born out of wedlock and marginalized by society, experiences profound loneliness and despair, yet finds solace and purpose in her relationship with Laila. Laila, on the other hand, represents a younger generation full of hope and aspirations, but she too faces immense challenges and heartbreak as she navigates the harsh realities of her environment.

The novel is not without its moments of brutality and tragedy, as it candidly explores themes of domestic abuse, misogyny, and the brutalization of women under the Taliban regime. However, amidst the darkness, there are also moments of tenderness, hope, and redemption, showcasing the capacity for human kindness and compassion even in the most dire circumstances. Hosseini's prose is both lyrical and haunting, drawing readers into the lives of Mariam and Laila as they navigate love, loss, and resilience in the face of adversity. The bond that forms between the two women is beautifully rendered, offering a glimmer of hope amidst the darkness of their circumstances.

Overall, "A Thousand Splendid Suns" is a deeply moving and unforgettable tale that offers a powerful commentary on the human condition, the bonds of family and friendship, and the enduring struggle for justice and dignity in the face of adversity. It is a testament to the resilience of the human spirit and the enduring power of love to transcend even the bleakest of circumstances.

# ഓരോ ജന്മങ്ങൾ



*Nihara Aneesh*

*IX C*

**അ**മ്മതൻവയറ്റിൽഉരുണ്ടുകിന്നളുച്ചുടുശ്വാസതാളം സ്നേഹമറിഞ്ഞതും

പിറവി സ്വർഗ്ഗമെന്ന കരുതി

അമ്മതൻ ഗർഭപാത്രത്തിലെ നീരുറ്റികുടിച്ചുവളർന്നതും അമ്മതൻ ഉദരംപ്പൊട്ടും

വേദനയാൽഅവൾലോകംകാണാൻവിരുന്നെത്തിഅവൾലോകംകാണുംനേരം

അമ്മതൻലോകംഅടഞ്ഞത് അവൾ കാരണമോ....

പിറവിയാത്ര കഷ്ട്ടമാണെന്നാകരുതിവേദനയും വേദാന്തവും നിറഞ്ഞൊരിലോകം

കണ്ടുവാനോ അവൾ എത്തിയത്



അവളുടെ ജീവൻദുഖത്താൽ പൂണ്ടുതുടങ്ങുന്ന

പിറവി...

പ്രാണൻ തന്നഅമ്മതൻ എടുത്തത്

എന്തനുഗ്രഹമോ....

പിറവിയാത്ര പാപമോ....

യെത്രസഹിക്കണമീലോകമേ....

പ്രപഞ്ചത്താൽ നീങ്ങുന്നസമയമേ....

എന്തുപറയും നിനക്കായി ഞാൻ കൈകൂപ്പാം



Amrutha K R

HST Phisical Science

# ഫെബ്രുവരി-11 പ്രത്യേകത

**ശാ**സ്ത്ര രംഗത്ത് പ്രത്യേകതയുള്ള അനേകം ദിനങ്ങൾ നമ്മുക്ക് സുപരിചിതമാണ്. ചാന്ദ്രദിനം (ജൂലൈ 21) ദേശീയ ശാസ്ത്ര ദിനം (ഫെബ്രുവരി-28) ദേശീയ ഊർജ്ജ സംരക്ഷണ ദിനം (ഡിസംബർ-14) തുടങ്ങിയവ നമ്മുക്ക് സുപരിചിതമാണ്.

ശാസ്ത്ര രംഗത്തെ സ്ത്രീകളെ പറ്റി ഓർക്കുമ്പോൾ മനസ്സിൽ വരുന്നത് റേഡിയവും പൊളോണിയവും കണ്ടുപിടിച്ച മേരി ക്യൂറിയെ പറ്റിയാണ്. രസതന്ത്രത്തിലെ ആദ്യ നോബൽ
പ്രൈസ് പുരസ്കാര ജേതാവാണ് മേരി ക്യൂറി. 2023 വരെ നടന്ന നോബൽ സമ്മാനത്തിലെ വൈദ്യശാസ്ത്രം രസതന്ത്രം ഭൗതികശാസ്ത്രം എന്നീ മേഖലകളിൽ ആകെ 26 [ആകെ 645 പേരിൽ 4.03%} വനിതകൾക്കാണ് പുരസ്കാരം ലഭിച്ചത്.

ശാസ്ത്ര രംഗത്ത് വിവിധ മേഖലകളിൽ സംഭാവനകൾ നടത്തിയ സ്ത്രീകൾ ഒരു പാടുണ്ട്. പക്ഷെ ജനസംഖ്യയിൽ പെൺ അനുപാതം 50 ശതമാനത്തോളം വരുമ്പോൾ അവരുടെ ശാസ്ത്ര രംഗത്തെ സംഭാവനയുലോം കുറവാണ്.ശാസ്ത്ര വിഷയങ്ങളിൽ നോബേൽ സമ്മാനം നേടിയ വനിതകൾ 4 ശതമാനം മാത്രമാണ് ഇത് അത്ര അഭിമാനകരമായ

കാര്യമല്ല. ഇത്രയും പുരോഗതി നേടിയ സമൂഹത്തിൽ ഈ അന്തരം ചിന്തിക്കപ്പെടേണ്ടതു തന്നെയാണ്.

ശാസ്ത്രരംഗത്തെ സ്ത്രീകൾക്കായുള്ള ദിവസമാണ് ഫെബ്രുവരി11. [international DAY of Women and Girls in science]. ശാസ്ത്രത്തിലെ സ്ത്രീകളുടെ മികവും പങ്കാളിത്തവും ആഘോഷിക്കുന്നതിനും ഈ വിഷയത്തിൽ അവബോധം വളർത്തുന്നതിനും ശാസ്ത്രവും ലിംഗസമത്വവും കൈകോർത്തുവരണമെന്ന് അന്താരാഷ്ട്ര സമൂഹത്തെ ഓർമ്മപ്പെടുത്തുന്നതിനും ഒക്കെയായി ഈ ദിവസം ആഘോഷിക്കുന്നു.

വനിതകളുടെ സഹകരണത്തോടെ യുനെസ്കോ വർഷം തോറും ശാസ്ത്രത്തിലെ സ്ത്രീകളുടെയും പെൺകുട്ടികളുടെയും അന്താരാഷ്ട്ര ദിനം നടപ്പിലാക്കുന്നു. ദേശീയ ഗവൺമെന്റുകൾ, അന്തർ ഗവൺമെന്റ് ഓർഗനൈസേഷനുകൾ, സിവിൽ സൊസൈറ്റി പങ്കാളികൾ, സർവ്വകലാശാലകൾ, കോർപ്പറേഷനുകൾ എന്നിവയുമായി ചേർന്ന് പ്രവർത്തിക്കുന്നു, ശാസ്ത്രമേഖലകളിൽ സ്ത്രീകളുടെയും പെൺകുട്ടികളുടെയും പങ്ക് പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിൽ ഇതിനകം വിജയിച്ചവരെ ആഘോഷിക്കുന്നതിനുമായി പങ്കിട്ട ലക്ഷ്യം കൈവരിക്കുന്നു. ഇത് ശാസ്ത്രരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് ഒരു പുതിയ ഉണർവാകുമെന്നും കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ സഹായിക്കുമെന്നും പ്രത്യാശിക്കാം.

# SHINING STARS


വിജയനൃത്തം ചവിട്ടി ജ്യോതിക







ജ്യോതികയ്ക്ക് 'ഹാട്രിക്'




ചെമ്പിലോട് ഹയർ സെക്കന്ററി സ്കൂൾ
സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത ഏഴ് ഇനങ്ങളിലും എ ഗ്രേഡ് കരസ്ഥമാക്കി 35 പോയിന്റുകളുമായി വിജയത്തിളക്കത്തിൽ
അഭിമാന താരങ്ങൾ
കുച്ചുപ്പുടി
കേരളനടനം
ഭരതനാട്യം
ജ്യോതിക പ്രകാശ്
ജലച്ചായം
എണ്ണച്ചായം
വിശാൽ പി.
കഥകളി സിംഗിൾ
കഥകളി ഗ്രൂപ്പ്
അഷിക സജീഷ്
കഥകളി ഗ്രൂപ്പ്
അഷിഗ എം
അഭിനന്ദനങ്ങൾ
പി.ടി.എ , സ്റ്റാഫ് & മാനേജ്മെന്റ്

# SPORTS

## State Roller Skating Winners



SIVAPRIYA





SIVAGANGA

## State Judo Champions



ARSHITH N



DEVAMRUTH

## Individual Champions



NANDANA SANTHOSH

## District Teakwondo



DEVADARSH


# NCC




CHEMBILODE HSS
31 K BN NCC KANNUR
UNIT
SOIL DAY
DEC 05, 2023


CHEMBILODE HSS
31 K BN NCC, KANNUR
BLACK DAY REMEMBRANCE


CHEMBILODE HSS
31 K BN NCC KANNUR
UNIT
COMMUNAL HARMONY
Drawing competition


NATIONAL CADET CORPS
CHEMBILODE HSS
31 K BN KANNUR
' HIROSHIMA NAGASAKI DAY RALLY'


CHEMBILODE HSS
NATIONAL CADETS CORPS
31 K BN, KANNUR UNIT
RASHTRIYA SANKALP DIWAS &
NATIONAL UNITY DAY


CHEMBILODE HSS
NATIONAL CADETS CORPS
31 K BN, KANNUR UNIT
RASHTRIYA SANKALP DIWAS &
NATIONAL UNITY DAY


CHEMBILODE HSS
NATIONAL CADET CORPS
31 K BN KANNUR
'TEACHER'S DAY'


NATIONAL CADET CORPS
31 K BN NCC KANNUR
CHEMBILODE HSS
WORLD NO TOBACCO DAY













# SCOUTS &GUIDES

## SCOUTS & GUIDES











RAJYA PURASKKAR WINNERS



# JRC







# SPC







# एक क्षण की स्मृति



Vidya S (HST Hindi)

**आ**ज अब मैं ऐसे कमरे में है तो मुझे सबसे ज्यादा अपनी माँ की याद आती है I मैं हमेशा से अपनी माँ की तरह बनना चाहती थी, तमाम तकलीफों के बाबजूद मेरी माँ ने कभी नही सोचा था कि उन्हें मर जाना चाहिए I उन्होंने केवल इतना कहा कि उन्हें जीना चाहिए I

तुम अपनी माँ जैसी हो रिश्तेदार और मेरे दोस्त सब कहते है कि मैं माँ जैसी हुँ I मुझे यह सुनकर खुशी हुई I आज मेरी आखों भर आती है I जब मैं आपनी आप से कहता हुँ माँ मेरी प्यारी माँ I मैं अपनी माँ की पतली बाँहों में रोऊँगा I कुछ न जानते हुए भी और सब कुछ समझते हुए भी , जब मेरी माँ एक छोटे बच्चे की तरह बिस्तर पर लेटी होगी I मैं अनुष्ठान में रहुँगा , मुझे भी मेरी माँ ने भूला दिया हैं I धरती पर मेरी सबसे पसंदीदा प्राणी माँ है I

मैं आज एक माँ हुँ , लेकिन मैं खुद से कहती है कि मैं कभी अपनी माँ जैसी माँ नही बन सकती I अम्मा को आज इस कमरे में रहने का हर पल याद है और एक चमत्कार महसूस होता है I दिल पर लगे जख्म खामोश कर देते है , आज मैं एक शिक्षक हुँ I मेरा सबसे बडा सपना शिक्षक बनना था मेरे बच्चे और दोस्त ही हैं जो जीवन के उतार - चढाव के बीच मुझे आगे बढाते I

## NCC CADET



**Aiswarya Raj (IX A)**

## A JOYFUL JOURNEY IN NCC : UNITY AND DISCIPLINE

As soon as I transferred from Kendriya Vidhyalaya to Chembilode HSS for NCC, I knew I embarked on a memorable journey to serving My Nation. Joining the National Cadet Corps(NCC) was a pivotal moment in my life,marking the beginning of a transfomative journey that would shape me as a leader, student,and individual.Joining hands with my other fellow cadets was one of my best decisions I had made. My two years in NCC were my most joyful, adventurous and proud times of my life.

Whether we were practising drills on the parade ground or conducting programs, every moment spent together strengthened our connection and fueled our passion for making a difference. When look back,I see how worth all the drills, classes and programswere. And without realising,It had changed me, for the best.NCC has effortlessly shifted me positively, making me more bold and confident wherever I go. I will always go on to carry there precious moments everywhere as a charm. My time in the NCC provided me with the tools, support,and oppertunities I needed to conquer my fears and discover my voice as a leader. As a part of arranging programs, I had understood about all the problems and difficulties that srise at organising such programs. Having an aspiring ANO, curious juniors and entertaining Mates I have truly been privileged. I amm very grateful to have been a part of such a huge organisation and assisting them as a leader.While my stage fear may have once held me back, the NCC empoweredme to confront and conquer it. I am filled with hope and optimism for the future of the NCC. Thought my time as a senior cadet may be coming to an end, I am confident that my juniors will carry on the legacy of service, leadership, and camarderie that defines our unit, continuing to make a positive impact in their community and beyond. I wish nothing but the best…….



Sindhu M P
HST Hindi

# जीत

**स**ह मे मुश्किल होगी हजार
तुम कदम बडा होते
सही हो जाएगा हर सपना,
साकार तुम कदम बडा हो तो सही
मुश्किल है पर इतना भी नहीं कि तू
कर ना सके दूर है लेकिन इतना भी
नही तू पा ना सके I
दिन तुम्हारा भी नाम होगा तुम्हारा
भी सत्कार होगा तुम कदम बडा हो तो
सही I
सपनों के सागर में कब तक गोते लगाते
रहोगे तुम उठो तो सही कुछ करो तो सही
कदम आगे बढाओ तो सही
कुछ ना मिले तो कुछ सीख जाओगे
जिदगी का अनुभव साथ ले जाओगे I
गिरते पडते संभल जाओगे फिर एक
बार तुम जीत जाओगे तुम कदम
बढाओं तो सही I



**Jalwa zanoobiya (VIII C)**

# അറബി ഭാഷയുടെ ആഗോള പ്രാധാന്യവും കേരളവുമായുള്ള അതിൻറെ സുദൃഢബന്ധവും.

**അ**റബിഭാഷയുടെ ആഗോളപ്രാധാന്യം കണക്കിലെടുത്തു കൊണ്ട് യുണൈറ്റഡ്നേഷൻസ്എല്ലാവർഷവുംഡിസംബർ 18 ന് അറബി ഭാഷ ദിനമായി ആചരിക്കുന്നു. ലോകഭാഷകളിൽ വളർച്ചയിലും വ്യാപനത്തിനും ഒന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ സെമറ്റിക്ക് ഭാഷാ കുടുംബത്തിൽ പെട്ടതാണ്.ഈ കുടുംബത്തിൽ പെട്ടഭാഷകളിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഏകഭാഷ അറബി തന്നെ.ജനസംഖ്യ അനുസരിച്ച് ലോകത്തെ നാലാമത്തെ വിനിമയഭാഷ ഭാഷയും ഇതുതന്നെ.26 രാഷ്ട്രങ്ങളും 25 കോടിജനങ്ങളും അവരുടെ മാതൃഭാഷയായി അറബി സംസാരിക്കുന്നു.

ഐക്യരാഷ്ട്രസഭയുടെ ഔദ്യോഗിക ഭാഷയായിഅറബിഭാഷ പ്രഖ്യാപിക്കപ്പെട്ടത് 1973 ഡിസംബർ 18 നാണ്. പദസമ്പത്തുകളാൽ സമ്പന്നമായ വലത്തു നിന്ന് ഇടത്തോട്ട് എഴുതുന്ന അതിമനോഹരമായ ഭാഷയാണ് അറബി. മാതൃഭാഷ അല്ലാതിരുന്നിട്ട് കൂടി ലോകത്തിലെ 60 രാജ്യങ്ങളിലായി 422 മില്യൺ ജനത ഈ ഭാഷ സംസാരിക്കുന്നു എന്നാണ് കണക്ക്. കൂടാതെ മുസ്ലീങ്ങളുടെമതഭാഷയും, ഖുർആൻ അവതരിച്ച ഭാഷയും ഇതുതന്നെ. ലോക സമ്പത്ത് ഘടന അറബ്

നാടുകളിലെ പെട്രോളിനെ കൂടി ആശ്രയിച്ചിരിക്കുന്നതിനാൽ ആ രാജ്യങ്ങളിലെ മാത്രം ഭാഷ എന്ന നിലയിൽ അറബി ഭാഷയുടെ പ്രാധാന്യം ദിനംപ്രതിവർദ്ധിച്ചുവരികയാണ്.ചെറുകഥ,നോവൽ,നാടകം,യാത്രാവിവരണം,
കാവ്യം തുടങ്ങി സാഹിത്യത്തിൻറെ എല്ലാ മേഖലകളിലും സമ്പന്നമായ ഈ ഭാഷ 1988 ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം നേടി.ഈ ഭാഷയുടെ ആഗോള പ്രാധാന്യം കണക്കിലെടുത്ത് അമേരിക്കൻ ഐക്യനാടുകളിലെയു,യൂറോപ്പിലെയും, ഓസ്ട്രേലിയയിലെയും അന്താരാഷ്ട്ര സർവകലാശാലകളിൽ അറബി ഭാഷ പഠന വിഷയമായിരിക്കുകയാണ്.

ഇന്ത്യയിൽ അറബി ഭാഷയ്ക്ക് ഏറ്റവുംകൂടുതൽ പ്രചാരം ലഭിച്ചത് കേരളത്തിലാണ്. കാരണം പ്രാചീനകാലം മുതൽക്ക് തന്നെ അറബി ഭാഷക്കാരും കേരളീയരും തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ടായിരുന്നു. കച്ചവട ബന്ധങ്ങളോടൊപ്പം തന്നെ കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ് സ്ഥാപിക്കുക കൂടിചെയ്യുന്നതോടെ അറബി ഭാഷ കേരളത്തിൽ വ്യാപിച്ചു.അറബി ഭാഷയുടെ വ്യാപനത്തിന് മഖ്ദൂം കുടുംബത്തിൻറെ പങ്ക് എടുത്തു പറയേണ്ടതാണ്.

അറബി ഭാഷയെ മലയാളവുമായി ചേർത്ത് അറബി മലയാളം എന്ന എഴുത്ത് ഭാഷയും കേരളത്തിൽ രൂപപ്പെട്ടു. മലയാളഭാഷയിൽ നാം സ്ഥിരമായി ഉപയോഗിക്കുന്ന ചില വാക്കുകൾ അറബിയിൽ നിന്ന് കടമെടുത്തതാണ്. ബാക്കി,താലൂക്ക്, ജില്ല,വക്കീൽ, ഹാജർ തുടങ്ങിയവയിൽ ചിലത് മാത്രം ഇതിലൂടെ തന്നെ അറബി ഭാഷയും കേരളവും തമ്മിലുള്ള ബന്ധത്തിൻറെ ആഴം മനസ്സിലാക്കാം. ഇതിനുപുറമേ പിൽക്കാലത്ത് കേരളത്തിലെ യുവാക്കളിൽ പലരും ജോലി തേടിപോയത് അറബ് രാജ്യങ്ങളിലാണ്. ഇത് അറബി ഭാഷയുമായുള്ള ബന്ധം അറ്റുപോവാതെ സുദൃഢമായി നിലനിൽക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.

മലയാളത്തിലെ പല പ്രമുഖ കൃതികളും അറബിയിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

തകഴിയുടെ ചെമ്മീനും, ബെന്യാമിന്റെ ആടുജീവിതവും അതിൽ ചെറിയ ഉദാഹരണം മാത്രം. അങ്ങനെ കേരളവുമായി ഇഴുകി ചേർന്ന ഈ ഭാഷ മദ്രസ സമ്പ്രദായത്തിലൂടെ എല്ലാ ഇസ്ലാം മത വിശ്വാസികളും പഠിക്കുകയും,എന്നും നിലനിൽക്കുകയും ചെയ്യുന്നു.



Sadhika Suresh IX F

## അനുഭവക്കുറിപ്പ്

വീടില്ലാത്തതിന്റെ ബുദ്ധിമുട്ട് ഞാൻ നന്നായി അനുഭവിച്ചിട്ടുണ്ടെങ്കിലും, വിശപ്പ് എന്താണെന്ന് ഞാൻ ഇതുവരെ അറിഞ്ഞിട്ടുണ്ടായിരുന്നില്ല. പക്ഷെ മറ്റുള്ളവരിലൂടെ എന്നെ ആ കാര്യം ഏറെ വേദനിപ്പിച്ചിട്ടുണ്ടായിരുന്നു. ഞങ്ങൾ ചിലപ്പോഴൊക്കെ പുറത്തേക്ക് പോകുമ്പോൾ അമ്മൂമ്മമാരും, അപ്പൂപ്പന്മാരും ഒക്കെ "വല്ലതും തരണേ,ചോറ് തിന്നാനാ മോളെ " എന്ന് പറയുമ്പോൾ, ഇവരുടെ വീട്ടിൽ ചോറ് വെച്ചില്ലേ എന്ന് ഞാൻ ചിന്തിച്ചു പോയിട്ടുണ്ട്. എന്നാലും എൻ്റെ മനസ്സിൽ എവിടെയോനേർത്ത ഒരു നോവായി അതുണ്ടാരുന്നെന്ന് തോന്നുന്നു. അതുകൊണ്ടാണ് എൻസിസി യുടെ ഭാഗമായി നടന്ന ' 'അശരണർക്ക് ഒരു പൊതിച്ചോറ് എന്ന പരിപാടി വന്നപ്പോൾ എനിക്ക് ഏറെ സന്തോഷം തോന്നിയത്.അന്ന് മറ്റു കൂട്ടുകാരോടും, ടീച്ചറോടുമൊപ്പം ഞങ്ങൾ ടൗണിലെത്തി.12.30 ആയപ്പോഴേക്കും എല്ലാം തയ്യാറായി കഴിഞ്ഞിരുന്നു. ഞങ്ങൾ ഓരോരുത്തർക്കായി പൊതിച്ചോർ നൽകി തുടങ്ങി. വിശന്നു വലഞ്ഞ അവരുടെ മുഖം എന്നെ ഏറെ വേദനിപ്പിച്ചിട്ടുണ്ട്. തേച്ചുമിനുക്കിയ വസ്ത്രങ്ങൾ ഇട്ടു ഞങ്ങൾക്കിടയിലേക്ക് വരാതെ അങ്ങ് ദൂരെ രണ്ട് കണ്ണുകളിൽഎൻ്റെ കണ്ണുടക്കി. നെഞ്ചിൽ എവിടെയോ ഒരു പിടച്ചിൽ അനുഭവപ്പെട്ടു. ഞങ്ങളുടെ അതേ

പ്രായമുള്ള ഒരു പെൺകുട്ടി.കീറി മുഷിഞ്ഞ ഉടുപ്പുകൾ. വിശപ്പിന്റെ നോവ് അവളുടെ മുഖത്ത് നിഴലിച്ചിരുന്നു. എങ്കിലും അവളുടെ കണ്ണുകൾക്ക് വജ്രത്തിന്റെ തിളക്കം ആയിരുന്നു. ഞങ്ങളെ കണ്ട് അവൾക്ക് എന്തോ തോന്നിയത് പോലെ തോന്നി. എങ്കിലും അവൾ പതിയെ അരികിലേക്ക് വന്നു.യൂണിഫോം തൊട്ടുനോക്കി പതിയെയുള്ള ആ സ്പർശനത്തിൽ നിന്നും എത്രമാത്രം ആഗ്രഹിച്ചിരുന്നു എന്ന് മനസ്സിലാക്കാമായിരുന്നു.ഞങ്ങളെതൊട്ടപ്പോൾ അവളുടെ കണ്ണിലെ ആ തിളക്കം ഒന്ന് കാണേണ്ടതായിരുന്നു.അവൾ വിശപ്പൊക്കെ മറന്നിരുന്നു. ഭക്ഷണത്തെക്കാൾ വിലപ്പെട്ട മറ്റെന്തോ അവൾക്ക് തിരിച്ചു കിട്ടിയ പോലത്തെ ഒരു തിളക്കം, ഞാൻ അവളുടെ കണ്ണുകളിൽ കണ്ടു. പെട്ടന്ന് ഗംഭീരമാർന്ന ഒരു ശബ്ദം എവിടെനിന്നോ മുഴങ്ങി "വേഗം,വേഗം" ഞെട്ടിപ്പോയി അവളും ഞാനും. ആ പൊതിച്ചോറ് അവളുടെ കൈകളിലേക്ക് വെച്ചു കൊടുക്കുമ്പോഴും എൻറെ മനസ്സ് നുറുങ്ങുകയായിരുന്നു.ഞാനും അവളും തമ്മിലുള്ള അന്തരം ഏതു കാര്യത്തിലായിരുന്നു എന്നാണ് ഞാൻതിരിച്ചു വരുന്ന വഴി ഏറെയും ആലോചിച്ചത്. അന്തരം ഇല്ലാതാക്കണമെങ്കിൽ ഞാൻ പഠിക്കണം.നന്നായി വളരണം.നല്ല ജോലി നേടണം. അവളെ പോലെയുള്ള ഒത്തിരി പേരെകൈപിടിച്ച് നടത്തണം.വിശപ്പു മാത്രമല്ല നമ്മുടെ സമൂഹത്തിൻറെ വേദന എന്ന് ഞാൻ വേദനയോടെ തിരിച്ചറിഞ്ഞ ദിവസം.


സംസ്കൃതധ്വനി
गुणाः सर्वत्र पूज्यन्ते


സംസ്കൃതധ്വനി
उद्यमेन हि कार्याणि सिध्यन्ति
പരിശ്രമത്തിലൂടെ മാത്രമേ കാര്യങ്ങൾ
നേടാൻ കഴിയുകയുള്ളൂ


CHEMBILODE HSS
സംസ്കൃതം സ്കോളർഷിപ്പ് 2023
Aradhya manojkumar
X G
Sonisha K
XG
Shikha PP
IX G
Vishal p
IX G
Adith T
VIII G
Sanmaya P
VIII G
Congratulations


സംസ്കൃതധ്വനി
स्वस्थे शरीरे एव स्वस्थं मनः
ആരോഗ്യമുള്ള ശരീരത്തിൽ
മാത്രമേ ആരോഗ്യമുള്ള മനസ്സ്
ഉണ്ടാവുകയുള്ളൂ.


സംസ്കൃതധ്വനി
सत्यं ब्रूयात् सर्वदा
എപ്പോഴും സത്യം പറയണം











# സംസ്ഥാന തലത്തിൽ സമ്മാനർഹമായ Paintings





VISHAL P






കൊമേഴ്സിൽ ഡോക്ടറേറ്റ് നേടിയ
ചെമ്പിലോട് ഹയർസെക്കന്ററി
സ്കൂൾ അധ്യാപകൻ
ഡോ. സി എ അജീഷിന്
ആദരം
15:12:23
സ്കൂൾ
അങ്കണത്തിൽ

# Arabic Calligraphy By Our Students



# Trip @ Munnar









# Trip @ Wayanad









# Trip @ Vismaya







# CHEMBILODE HSS FAMILY



**THANK YOU..........**